**ഹെർമ്മോൻ ദൂതൻ**
അടൂർ ഭദ്രാസന ത്രൈമാസിക
ജനുവരി - മാർച്ച് 2012



**ചീഫ് എഡിറ്റർ**
വെരി.റവ. ഡോ. പി.പി. ഏബ്രഹാം

**എഡിറ്റർ**
റവ. ഷോജി വർഗ്ഗീസ്

**മാനേജർ**
റവ. സിബു പള്ളിച്ചിറ

**കൺവീനർ**
ശ്രീ. ജിനു. പി. മാത്യൂ

**കമ്മിറ്റി അംഗങ്ങൾ**
റവ. അലക്സാണ്ടർ തോമസ്
ശ്രീ. ജേക്കബ് ജോർജ്ജ്

വിലാസം :
എഡിറ്റർ,
ഹെർമ്മോൻ ദൂതൻ,
ഹെർമ്മോൻ, അടൂർ – 691523
Ph : 04734 228240
hermondoothan@gmail.com
hermondoothan@adoordiocese.org
www.adoordiocese.org

വാർഷിക വരിസംഖ്യ - ₹ 60
ദ്വൈവാർഷികം - ₹ 100

# ഉള്ളടക്കം

**ഭദ്രാസന എപ്പിസ്കോപ്പയിൽ നിന്നും**
**ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ**
**എഡിറ്റോറിയൽ**

**ദൈവത്തിങ്കലേക്ക് തിരിയുക..........07**
ദൈവാഭിമുഖമായ തിരിച്ചുവരവുകളെ പ്രഘോഷിച്ച പ്രവാചകന്മാരെക്കുറിച്ചുള്ള പഠനം. കോട്ടയം മാർത്തോമ വൈദിക സെമിനാരി പ്രിൻസിപ്പൽ റവ. ഡോ. ഗീവർഗ്ഗീസ് മാത്യുവിന്റെ അവതരണം.

**ചില പുതിയ നിയമ ചിന്തകൾ..........10**
ദൈവത്തിങ്കലേക്ക് തിരിയുക എന്ന വിഷയത്തിന്റെ പുതിയ നിയമ കാഴ്ചപ്പാടുകൾ റവ. ഡോ. കോശി പി. വർഗ്ഗീസ് അവതരിപ്പിക്കുന്നു.

**നോമ്പ് – അനുതാപത്തിനും അതിജീവനത്തിനും..........13**
ദൈവരാജ്യാനുഭവങ്ങളുടെ തീർത്ഥയാത്രയിൽ നോമ്പും നൊമ്പരവും ശക്തീകരണമാകുന്നതിന്റെ പാഠങ്ങൾ തിരുവല്ല, എപ്പിസ്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ടിലെ അദ്ധ്യാപകനായ ദിവ്യശ്രീ. രാജൻ ജോർജ്ജ് കശ്ശീശാ പങ്കുവയ്ക്കുന്നു.

**തീർത്ഥാടകരുടെ ആകുലതകൾ..........15**
കരുതുന്നവനായ ദൈവവും കരുതിവെക്കാൻ കൊതിക്കുന്ന മനുഷ്യനും തമ്മിൽ കണ്ടുമുട്ടുമ്പോഴുള്ള നൊമ്പരം പങ്കുവെയ്ക്കുകയാണ് റവ.വിനോയി ഡാനിയേൽ.

**വിശുദ്ധ ത്രിത്വം..........20**
റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പായുടെ അടിസ്ഥാന വിശ്വാസ പഠനം.


**ചെങ്കോട്ട മിഷൻ സെന്റർ..........21**
മുൻ തലമുറകൾ വിത്തെറിഞ്ഞ് വിളയിച്ച ചെങ്കോട്ട മിഷൻഫീൽഡിന്റെ ചരിത്രം കഴിഞ്ഞകാലങ്ങളിൽ മിഷൻപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ മിഷനറി വൈദികൻ റവ. സാം. തോമസ് പങ്കുവയ്ക്കുന്നു.

**പരീക്ഷ– മാർഗ്ഗ നിർദ്ദേശങ്ങൾ..........23**
മാതാപിതാക്കളും വിദ്യാർത്ഥികളും അറിഞ്ഞിരിക്കേണ്ട പരീക്ഷാ മുന്നൊരുക്കങ്ങൾ പങ്കുവയ്ക്കുകയാണ് തേക്കുതോട് ഗവ. ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പലായ ശ്രീ. തോമസ് ജോർജ്ജ്.

**പിലാത്തറയിൽ ശ്രീ. കോരുത് കുഞ്ഞാണ്ടി കത്തനാർ..........24**
കത്തനാരുടെ ഡയറികുറിപ്പുകൾ സഭാചരിത്രത്തോട് ചേർത്ത് വായിച്ച് അച്ചന്റെ പിൻ തലമുറക്കാരൻ അലക്സാണ്ടർ പ്ലാത്തറയുടെ അവതരണം.

*Kids' Corner*..........26
**ധ്യാനം..........27**
**വാർത്തകൾ..........29**
**അയാമിൻ യു..........29**

# ഭദ്രാസന എപ്പിസ്കോപ്പയിൽ നിന്നും...



എല്ലാവർക്കും സന്തോഷം നിറഞ്ഞ പുതുവത്സരം ആശംസിക്കുന്നു. പുതുവത്സരം എങ്ങനെയിരിക്കും എന്ന ഒരു ആകാംക്ഷയും ജിജ്ഞാസയും നമ്മെ എപ്പോഴും ഭരിക്കാറുണ്ട്. എന്തിന് ഈ ജീവിതം എന്ന് ചിന്തിക്കുന്നവർക്കാണ് എങ്ങനെഈ ജീവിതം കൊണ്ടുപോകും എന്നതിന് ഉത്തരം ലഭിക്കുന്നത്. അത്ഭുതകരവും വിസ്മയനീയവുമാണ് ഈ പ്രപഞ്ചം. സൃഷ്ടിയുടെ മകുടമാണ് മനുഷ്യൻ ആണും പെണ്ണുമായ ഈ സമൂഹ ജീവിതം. സംവത്സരത്തിലെ ഓരോ ദിവസവും സ്രഷ്ടാവിനെഅത്ഭുതത്തോടെ നോക്കിക്കാണുക എന്നതാണ് സൃഷ്ടിയെക്കുറിച്ചുള്ള ദൈവോദ്ദേശം. പുതു വർഷം ദൈവം അതിനു നമ്മെ സഹായിക്കട്ടെ..

ഈ ലക്കത്തിലെ ഓരോ ലേഖനവും സ്യഷ്ടാവിനെവെളിപ്പെടുത്തുന്നതും സ്യ്ഷ്ടിയുടെ ഉത്തരവാദിത്തം ഓർമ്മപ്പെടുത്തുന്നതുമാണ്. ഈ കൂട്ടായ്മാ ബന്ധം ദ്യഢീകരിക്കുന്നതിനാണ് വിശ്വാസവും സഭയും വേദവും എല്ലാം.

ജനുവരി 1 നമ്മുടെ കർത്താവിന്റെ പരിഛേദനയെ ഓർമ്മപ്പെടുത്തുന്ന ദിവസം. മോശെയുടെ ന്യായപ്രമാണം അനുസരിച്ച് പുരുഷ പ്രജയൊക്കേയും എട്ടാം നാൾ ദൈവവും ആയി ഒരു ഉടമ്പടി ബന്ധത്തിൽ പ്രവേശിക്കണമെന്ന് നിഷ്ക്കർഷിക്കുന്നു. പരിഛേദന സ്നാനത്തിനു ഒരു മുൻ കുറി എന്നു വേണമെങ്കിൽ പറയാം. കർത്താവിന്റെ മരണവും പുനരുത്ഥാനവും സ്വന്ത ശരീരത്തിൽ സ്വീകരിക്കുന്ന വിശ്വാസ പരിപൂർണ്ണമായ ഈ കർമ്മത്തിലൂടെ ഒരു വ്യക്തി തന്റെ സൃഷ്ടാവുമായുള്ള ഉടമ്പടി ബന്ധത്തിലേക്ക് പ്രവേശിക്കുകയാണ്. സ്വന്ത ബുദ്ധിയോ വിശ്വാസമോ അല്ല ഈ ഉടമ്പടിക്ക് നിദാനം. നമ്മോട് ആരാഞ്ഞിട്ടുമല്ല ദൈവത്തിന്റെ ഈ വെറുമയാക്കപ്പെടൽ.

ജനുവരി 6 ദനഹാപെരുനാളാണ്. പാപപങ്കിലമായ ഈ മനുഷ്യ സമൂഹത്തോട് ദൈവ പുത്രന്റെ ഏകീഭാവമാണ് കർത്താവിന്റെ സ്നാനത്തെ ഓർക്കുന്ന ഈ ദിവസം സഭക്ക് വെളിപ്പെട്ടുകിട്ടിയിരിക്കുന്നത്. യേശു സ്വയം സ്വീകരിച്ച ഒരു പേരാണ് 'മനുഷ്യപുത്രൻ'. എല്ലാ മനുഷ്യരേയും പ്രതിനിധീകരിക്കുന്നവൻ എന്ന് ചുരുക്കം. അതുകൊണ്ടാണ് എബ്രായ ലേഖനത്തിൽ എല്ലാവർക്കും ഏക മദ്ധ്യസ്ഥൻ യേശു എന്ന്

രേഖപ്പെടുത്തിയിരിക്കുന്നത്. അതുൾക്കൊണ്ടു കൊണ്ടാണ് എല്ലാ പ്രാർത്ഥനയും യേശു മൂലം അപേക്ഷിക്കുന്നു എന്നു നാം പ്രാർത്ഥിച്ച് അവസാനിപ്പിക്കുന്നത്.

ജനുവരി 8 വി. സ്തേഫാനോസിന്റെ നാളാണ്. ക്രിസ്തു സഭയിലെ ആദ്യ രക്തസാക്ഷിയായ, ശെമ്മാശന്മാരുടെ ഈ തലവനെപ്പോലെ വിപരീത സാഹചര്യങ്ങളിലും മരണത്തിന്റെ താഴ്വരയിലും ഉയിർത്തെഴുന്നേററ കർത്താവിനെകാണിച്ചുകൊടുക്കാൻ വിശ്വാസത്തിൽ നാമും വളരേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവ്, എല്ലാവരോടും എപ്പോഴും പറയുന്നു, 'മടങ്ങിവരിക ദൈവത്തിങ്കലേക്ക് തിരിയുക'. പുതുവർഷം വിശ്വാസ സ്ഥിരതയുടേയും സാക്ഷ്യത്തിന്റേയും ദൈവ ഭക്തിയുടെ വർദ്ധനവിന്റേയും ദിനങ്ങളായിരിക്കുവാൻ സർവ്വശക്തനായ ദൈവം സഹായിക്കട്ടെ.

നമ്മുടെ ഭദ്രാസനകൺവൻഷനും മാരാമൺ കൺവൻഷനും അടുത്തുവരുന്നു. പ്രാർത്ഥനയോടെ ഏവരും വന്ന് സംബന്ധിക്കണം. നിങ്ങളുടെ മക്കളെ കൺവൻഷനിൽ പ്രതിഷ്ഠിക്കുന്നതിനും താൽപര്യപ്പെടണം.

ഫെബ്രുവരി മാസം പകുതിയോടു കൂടി നാം വലിയ നോമ്പിലേക്ക് പ്രവേശിക്കുകയാണ്. ഓരോ പ്രാവശ്യം ധ്യാനിക്കുമ്പോഴും ക്രൂശിന്റെ അർത്ഥം നമ്മുടെ മുമ്പിൽ ഏററവും തെളിമയായി വന്നുകൊണ്ടിരിക്കണം. 'രുചി വെടിഞ്ഞ്, രുചി പകരുക' എന്ന നോമ്പ് ചിന്താ വിഷയം നമുക്ക് പ്രാവർത്തികമാക്കാം. നോമ്പിൽ നമുക്ക് ഏററവും പ്രിയപ്പെട്ട ഒരു കാര്യം വർജ്ജനം ചെയ്യുന്നതിന് നാം ഉത്സാഹിക്കണം. അനുരഞ്ജനത്തിന്റേയും പാപ മോചനത്തിന്റേയും നാളുകളായി ഈ നോമ്പ് നാളുകൾ പ്രയോജനപ്പെടട്ടെ.

കർത്താവ് അനുഗ്രഹിക്കട്ടെ,

അടൂർ,
01.12.2011

**മാർ ബർന്നബാസ് എപ്പിസ്കോപ്പാ.**

## ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ

**ഭദ്രാസനകൺവൻഷൻ :** അടൂർ ഭദ്രാസനകൺവൻഷൻ 2012 ജനുവരി 4 ബുധൻ മുതൽ 8 ഞായർ വരെ അടൂർ ഈശോ മാർ തിമോഥെയോസ് കൺവൻഷൻ നഗറിൽ വച്ച് നടത്തപ്പെടുന്നതാണ്. യുവജനസഖ്യത്തിന്റെ ചുമതലയിലുള്ള പുസ്തക ശാല, എക്സിബിഷൻ, വികസനസംഘം, സേവികാ സംഘം, ഭദ്രാസനഓഫീസ് എന്നിവയുടെ സ്റ്റാളുകളും ഉണ്ടായിരിക്കും. റവ. തോമസ് വർഗ്ഗീസ് (പന്തളം) കൺവൻഷൻ കമ്മററി കൺവീനറായി പ്രവർത്തിക്കുന്നു. ഓരോ ഇടവകക്കും നിശ്ചയിച്ചിരിക്കുന്ന വിഹിതം യഥാസമയം ഓഫീസിൽ അടക്കുന്നതിനും കൺവൻഷന്റെ അനുഗ്രഹത്തിനായി ഒരുക്ക പ്രാർത്ഥനകൾ ഇടവക തലത്തിൽ ക്രമീകരിക്കുന്നതിനും ബഹുമാന്യ വൈദികരും സുവിശേഷകരും ചുമതലക്കാരും പ്രത്യേകം ശ്രദ്ധിക്കണം. ഏവരുടേയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

**ഭദ്രാസനവൈദിക സമ്മേളനം** : അടൂർ ഭദ്രാസനത്തിലെ വൈദികരുടെ സമ്മേളനം 2012 ഫെബ്രുവരി 23 മുതൽ 25 വരെ ആലുവാ ശാന്തിഗിരിയിൽ വച്ച് നടത്തുന്നതിനു ക്രമീകരിച്ചിരിക്കുന്നു.

**വൈദിക കുടുംബ സംഗമം :** ഭദ്രാസനത്തിലെ വൈദികരുടെ കുടുംബങ്ങളുടെ ഒരു കൂടി വരവ് 2012 ഏപ്രിൽ 14 ശനിയാഴ്ച രാവിലെ 8 മണിമുതൽ 1 മണി വരെ അടൂർ കണ്ണംകോട് മാർത്തോമാ പള്ളിയിൽ വച്ച് നടത്തപ്പെടുന്നതാണ്. ഭദ്രാസനത്തിലെ മുഴുവൻ വൈദികരും കുടുംബ സമേതം വന്ന് സംബന്ധിക്കണം.

**സ്നേഹകരം :** അഭിവന്ദ്യ മെത്രാപ്പൊലീത്ത തിരുമേനിയുടെ പേരിൽ ആരംഭിച്ച സ്നേഹകരം പദ്ധതിയിൽ ആത്മാർത്ഥമായി സഹകരിച്ച ഏവരോടുമുള്ള നന്ദി അറിയിക്കുന്നു. ഇനിയും തുക അടക്കാനുള്ളവർ എത്രയും വേഗം അത് നൽകി സഹകരിക്കണം.

**ഭദ്രാസനഞായർ :** 2011 നവംബർ 20 ഭദ്രാസനദിനാഘോഷം വിജയകരമാക്കുന്നതിനു ആത്മാർത്ഥമായി യത്നിച്ച വൈദികർ, സുവിശേഷകർ, കൗൺസിൽ അംഗങ്ങൾ, മണ്ഡലം അസംബ്ളി അംഗങ്ങൾ, ഇടവക ചുമതലക്കാർ, ദൈവജനം ഏവരോടുമുള്ള നന്ദി അറിയിക്കുന്നു. ഈ ഇനത്തിൽ ലഭിച്ച മുഴുവൻ തുകയും സ്തോത്ര കാഴ്ചയും ഓഫീസിൽ അടക്കുന്നതിന് ശ്രദ്ധിക്കുമല്ലോ.

ഏവർക്കും ഹൃദ്യമായ ക്രിസ്തുമസ്-പുതുവത്സരാശംസകൾ

**റവ. അലക്സാണ്ടർ തോമസ്**

## ഭദ്രാസനകൺവൻഷൻ

അടൂർ ഭദ്രാസനകൺവൻഷൻ 2012 ജനുവരി 4 ബുധൻ മുതൽ 8 ഞായർ വരെ അടൂർ ഈശോ മാർ തിമോഥെയോസ് കൺവൻഷൻ നഗറിൽ വച്ച് നടത്തപ്പെടുന്നതാണ്. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമാ മെത്രാപ്പൊലീത്ത കൺവൻഷൻ ഉദ്ഘാടനം ചെയ്യും. അഭിവന്ദ്യ ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പൊലീത്ത, റവ. ഡോ ഡി. ഫിലിപ്പ്, റവ. ഫാ. പൗലോസ് പാറേക്കര, ഡോ. പി.പി.ജോബ്, എന്നിവർ വചനഘോഷണം നടത്തും. ഡോ ജോർജ്ജ് മാത്യു (തിരുവല്ല) യുവജനസമ്മേളനത്തിലും ശ്രീ പി. യു. തങ്കച്ചൻ (സി. ഈ. എഫ്.) കുട്ടികളുടെ യോഗത്തിലും നേതൃത്വം നൽകും. വ്യാഴം,. വെള്ളി, ശനി ദിവസങ്ങളിൽ രാവിലെ 8 മണി മുതൽ 9.30 വരെ ബൈബിൾ ക്ലാസ് പന്തലിൽ ക്രമീകരിച്ചിട്ടുണ്ട്. റവ. ഡോ. വി. എസ്. വർഗ്ഗീസ് നേതൃത്വം നൽകും. ഭദ്രാസനഅധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പ അധ്യക്ഷത വഹിക്കുകയും സമാപനദിവസം വിശുദ്ധ കുർബ്ബാനക്ക് നേതൃത്വം നൽകുകയും ചെയ്യും.

# അനുതാപ ഹൃദയത്തോടെ ദൈവത്തിങ്കലേക്കു മടങ്ങുവിൻ

**ക**ലണ്ടറിൽ മുദ്രണം ചെയ്തിരിക്കുന്ന ഒരു ചിത്രം കണ്ടിട്ടുണ്ട്. ഒരു ഗ്ലാസ്സ് ഭരണി. പകുതിഭാഗം വെള്ളം ഉണ്ട്. അതിൽ രണ്ടു മത്സ്യവും. ഭരണിയ്ക്കു വെളിയിൽ ഒരു പൂച്ച രണ്ടു കണ്ണും തുറിച്ചു മത്സ്യത്തെ നോക്കി വെള്ളമൂറുകയാണ്. മത്സ്യം പറയുന്ന ഒരു വാചകം ഉണ്ട് The Lord will protect us - ദൈവം ഞങ്ങളെ സൂക്ഷിക്കും. വെള്ളത്തിൽ കിടന്നാണു പറയുന്നതെന്നോർക്കണം. അവിടെയാണു അവ കിടക്കേണ്ടതും. വെള്ളത്തിലാണ് മത്സ്യങ്ങൾ സ്വൈരത അനുഭവിക്കുന്നത്. അതിൽ വസിപ്പാനാണല്ലോ അവ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

ദൈവത്തിന്റെ സ്വന്ത സ്വരൂപത്തിലും സാദൃശ്യത്തിലൂമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മുഖഛായ അല്ല സ്വരൂപവും സാദൃശ്യവും കൊണ്ടു അർത്ഥമാക്കുന്നത്. ദൈവവുമായി കൂട്ടായ്മ അനുഭവിക്കുവാനുള്ള സ്വാതന്ത്ര്യവും സന്തോഷവുമാണ് അതിന്റെ വിവക്ഷ. ദൈവവുമായുള്ള കൂട്ടായ്മയിലാണ് മനുഷ്യൻ മനുഷ്യനായിത്തീരുന്നത്. മത്സ്യം വെള്ളത്തിൽ സ്വൈരത (at home) അനുഭവിക്കുന്നതു പോലെ മനുഷ്യന്റെ സ്വൈരത, ദൈവമായുള്ള ബന്ധത്തിലാണ്. ദൈവത്തോടൊത്തു, ദൈവത്തിന്റെ തോട്ടം കാത്തു സൂക്ഷിച്ച് ഫലദായകമാക്കുകയാണ് മനുഷ്യനെക്കുറിച്ചുള്ള ദൈവോദ്ദേശം (ഉല്പത്തി 2:15). എന്നാൽ സ്രഷ്ടാവിനെക്കാൾ സാത്താന്റെ ശബ്ദത്തിനു മനുഷ്യൻ ചെവി ചായ്ച്ചതിനാൽ മനുഷ്യൻ ദൈവഹിതത്തിൽ നിന്ന് അന്യപ്പെട്ടു. ദൈവം കൈവിട്ടതല്ല, മനുഷ്യൻ അകന്നു പോയതാണ്.

പാപം- ഏതോ ഒരു കല്പന ലംഘനമായി നാം തളച്ചുവച്ചിരിക്കുകയാണ്. മൂലഭാഷയിൽ ഉന്നം തെറ്റുക ലക്ഷ്യം തെറ്റുക എന്നൊക്കെയാണ് അതിന്റെ അർത്ഥം. ദൈവത്തോടുള്ള ബന്ധത്തിൽ ദൈവഹിതം നിവർത്തിക്കേണ്ട മനുഷ്യൻ, ആ ലക്ഷ്യത്തിൽ നിന്നും തെറ്റിപ്പോകുന്നതാണ് പാപം. ഫലമോ ദൈവത്തിൽ നിന്നുള്ള അകൽച്ച. പാപത്തിന്റെ ശമ്പളം മരണമത്രെ (റോമ. 6:23). ദൈവത്തിൽ നിന്നുള്ള അകൽച്ചയുടെ പര്യായമാണ് മരണം. തുടർന്നുള്ള മനുഷ്യന്റെ ചരിത്രം അകൽച്ചയുടെതാണ്. ദൈവവുമായി അകന്നു-മനുഷ്യനും മനുഷ്യനും; മനുഷ്യനും ഇതരജീവജാലങ്ങളും; മനുഷ്യനും പ്രകൃതിയും തമ്മിൽ അകലുന്നതിന്റെ ചരിത്രം-പാപത്തിന്റെ ഭവിഷ്യത്ത്! ഇന്നു കാണുന്ന ഭിന്നതയും ശത്രുതയും പാപത്തിന്റെ പരിണിതഫലമാണ്.

അന്യപ്പെട്ട മനുഷ്യനെ അപ്പാടെ ഉപേക്ഷിപ്പാൻ ദൈവത്തിനു തിരുമനസ്സായില്ല. ദൈവത്തിലേക്കു മടങ്ങി വരുവാൻ പ്രവാചകന്മാർ തുടരെതുടരെ ആഹ്വാനം ചെയ്തു. എല്ലാ പ്രവാചകന്മാരുടെയും ദൂതിന്റെ സംഗ്രഹം മടങ്ങി വരവിന്റേതാണ് (യിരെ. 2:13; 31:34-). ഹോശേയയുടെ ചരിത്രം അതിനുദാഹരണമാണ്. അനുതാപ വാക്യങ്ങളോടുകൂടെ യഹോവയുടെ അടുക്കൽ മടങ്ങിച്ചെന്നു, ഞങ്ങളുടെ അകൃത്യങ്ങളെ ക്ഷമിക്കേണമേ എന്നപേക്ഷിപ്പിൻ എന്നു പ്രവാചകൻ നൽകുന്ന ആഹ്വാനം ശ്രദ്ധിക്കാം (ഹോശേ. 14:2)

ദൈവഹിതത്തിൽ നിന്നു കുതറിമാറിയ മനുഷ്യന്റെ മടങ്ങിവരവിനുവേണ്ടി പ്രതീക്ഷയോടെ നോക്കി പാർക്കുന്ന ദൈവത്തെയാണ് തിരുവചനത്തിൽ കാണുന്നത്. പാപത്തിന്റെ പഴ

ക്കവും ആഴവും പരിഗണിക്കാതെ  അനുതാപ ഹൃദയത്തോടെ ദൈവത്തിങ്കലേക്കു മടങ്ങി വരുന്ന ഏവരേയും ദൈവം സ്വീകരിക്കുക തന്നെ ചെയ്യും അതാണു തിരുവചനം നൽകുന്ന ദർശനം. ആ നിത്യസത്യം ഉദ്ഘോഷിക്കുകയാണ് കൺവൻ യോഗങ്ങളുടെ മുഖ്യ ധർമ്മം.

അനുതപിച്ചു മടങ്ങിവരുന്നവരോടുള്ള ദൈവീക സമീപനം വ്യക്തമാക്കുന്നതാണ് ധൂർത്തുപുത്രന്റെ ഉപമ (ലൂക്കോ. 15:11–24) മടങ്ങിവരവിനു ഉൾപ്രേരണ നൽകുന്നതും ദൈവം തന്നെ. മകൻ വീടു വിട്ടു പോയ നാൾ മുതൽ, അവന്റെ മടങ്ങിവരവിനുവേണ്ടി അപ്പന്റെ താല്പര്യമാണ്,  മടങ്ങിവരുമ്പോൾ, ദൂരത്തു നിന്നു തന്നേ അപ്പൻ അവനെ കണ്ടു  എന്നും, ഓടിച്ചെന്നു അവന്റെ കഴുത്തു കെട്ടിപ്പിടിച്ച് ചുംബിച്ചു  എന്നും മറ്റുമുള്ള വാക്കുകൾ വ്യക്തമാക്കുന്നത് (വാക്യം 20). അവൻ പോയതിൽ പിന്നെ ഓരോ ദിവസവും അപ്പൻ അപ്രകാരം മകനെ നോക്കി നില്ക്കുക പതിവായിരുന്നു എന്നാണ്. ചുംബനം സ്നേഹത്തിന്റെയും നിരപ്പിന്റെയും ചിഹ്നമാണ്. അനുതാപഹൃദയത്തോടെ മടങ്ങിവന്നാൽ പഴമ നോക്കാതെ സ്വീകരിക്കതന്നെ ചെയ്യും. അന്നും ഇന്നും ദൈവസ്വഭാവത്തിനു മാറ്റമില്ല. നിരപ്പാക്കപ്പെട്ടു എന്നു മാത്രമല്ല, മേൽത്തരമായ അങ്കി, മോതിരം, ചെരിപ്പ്, അപ്പന്റെ മേശമേൽ ഭക്ഷണം, തുടങ്ങിയവയെല്ലാം നഷ്ടപ്പെട്ട ബന്ധവും പുത്രത്വവും പദവികളും പുനഃസ്ഥാപിക്കപ്പെട്ടതിന്റെ അടയാളമാണ്. മരിച്ചവൻ ജീവിച്ചു. മരണം അകൽച്ചയെ കുറിക്കുന്നുവെങ്കിൽ, ജീവൻ ബന്ധങ്ങളുടെ പുനസ്ഥാപനത്തേയാണ് കുറിക്കുന്നത്. ഒരു സാധനം നഷ്ടപ്പെട്ടാൽ അതു ഇല്ലാതായി എന്നല്ല ഉടമസ്ഥനു ഉപയോഗയോഗ്യമല്ലാതായി എന്നർത്ഥം. കണ്ടുകിട്ടുമ്പോളാകട്ടെ ഉടമസ്ഥന്റെ താല്പര്യപ്രകാരം ഉപയോഗ യോഗ്യമാകും. ദൈവത്തിൽ നിന്നന്യപ്പെട്ടാൽ (കാണാതെ പോയാൽ) നിർജ്ജീവത്വം; കണ്ടുകിട്ടിയാൽ ദൈവത്താൽ ഉപയോഗിക്കപ്പെടുകയും ചെയ്യും. അനുതാപ ഹൃദയത്തോടെ ദൈവത്തിങ്കലേക്കു തിരിയാം. ദൈവത്തോടൊത്തു ജീവിതം ധന്യമാക്കാം.

**എഡിറ്റർ**

# സ്ലീബാ



പൗരസ്ത്യ സഭാ വിശ്വാസ ക്രമത്തിൽ ആവർത്തിച്ച് ഉപയോഗിക്കു ഒരു പദവും പ്രതീകവുമാണ് സ്ലീബാ. സ്ലീബാ എന്ന സുറിയാനി വാക്കിന്റെ അർത്ഥം 'ക്രൂശിതൻ' The Crucified one എന്നാണ്. സാധാരണയായി പൗരസ്ത്യ സഭാ മേൽപ'ക്കാർ സ്ലീബായുടെ പ്രതീകമാകുന്ന കുരിശ് ധരിക്കുകയും അത് വഹിക്കുകയും ചെയ്യു. മേൽപ്പ'ക്കാരുടെ കൈയിലെ സ്ലീബായോടൊപ്പം ഒരു ചുവ തുണികൂടി ചേർത്തു വച്ചിരിക്കുന്നു.  അവ ഓിച്ച് ഉപയോഗി ക്കുന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് സ്ലീബായാകുന്ന കൊടി എന്നാണ്. കൊടി എപ്പോഴും വിജയത്തിന്റേയും സ്വത്വത്തിന്റേയും അടയാളമാണ്. കൂടാതെ, നമ്മുടെ കർത്താവിന്റെ ക്രൂശുമരണവും തുടർുള്ള പുന:രുത്ഥാനത്തിന്റേയും ആദ്യപ്രതീകവുമാണ്. സ്ലീബാ എന്ന വാക്ക് ഉച്ചരിക്കുമ്പോൾ തലവണങ്ങി കുരിശു വരക്കുന്ന പതിവ് നമുക്കുണ്ട്. അത് ക്രൂശിക്കപ്പെട്ട മ്ശിയാഹായോടുള്ള വണക്കവും  അവനെ സ്വീകരീക്കുന്നതിന്റെ അടയാളവും  ആണ്.



# ദൈവത്തിങ്കലേക്ക് തിരിയുക :

## പ്രവാചകന്മാരുടെ സന്ദേശം

**റവ: ഡോ. ഗീവർഗ്ഗീസ് മാത്യു,**
**മാർത്തോമ്മാ വൈദിക സെമനാരി, കോട്ടയം**

**പ**ഴയനിയമ പ്രവാചകൻമാർ ലോകത്തിൽ ദൈവത്തെ പ്രതിനിധാനം ചെയ്തവരും പുരോഹിതൻമാർ ജനങ്ങളെ ദൈവമുമ്പാകെ പ്രതിനിധാനം ചെയ്തവരുമായിരുന്നു. ആരാധനയിലൂടെയും യാഗകർമ്മങ്ങളിലൂടെയും ജനങ്ങളെ ദൈവത്തോടു നിരപ്പിക്കുന്നതിന് അവർ പ്രവർത്തിച്ചു. ജ്ഞാനികൾ തങ്ങളുടെ അനുഭവങ്ങളിൽ നിന്നും അറിവുകളിൽ നിന്നും വിജ്ഞാനത്തി ന്റെയും വിവേകത്തിന്റെയും ആലോചനകൾ നൽകി. പ്രവാചകൻമാരുടെയും പുരോഹിതൻ മാരുടെയും ജ്ഞാനികളുടെയും നേതൃത്വം യിസ്രായേൽ ജനതയുടെ സാമൂഹിക-ആത്മിക വളർച്ചയ്ക്ക് സഹായകരമായി. പ്രവാചകൻമാരുടെ പ്രവർത്തനം ഏറ്റവും ശ്രദ്ധേയമായിരുന്നു. അവർ ജനങ്ങളെ ദൈവശബ്ദം കേൾപ്പിച്ചു. അവർ ദൈവത്തിന്റെ വക്താക്കളായിരുന്നു (spokesmen). ദൈവിക വെളിപ്പാടിലൂടെ ലഭിച്ച അറിവും അനുഭവവും ദൈവവിളിയെക്കുറിച്ചുള്ള ആഴമായ ബോധവും അവരുടെ ശുശ്രൂഷയെ വ്യത്യസ്തമാക്കി. ദൈവവിളിയിലൂടെയാണ് പ്രവാചകന് ദൗത്യം ലഭിക്കുന്നത് (യെശ. 6; യെശ. 1:5; യെശ. 2:1-10; ആമോ. 7:14-15).

പ്രവാചകൻമാർ ദൈവവചനത്തിന്റെ ശക്തിയിൽ അടിയുറച്ച് വിശ്വസിച്ചിരുന്നു (Power of the Word of God) യെശയ്യാവ് ദ്വിതീയന്റെ പുസ്തകം ആരംഭിക്കുന്നതും അവസാനിക്കുന്നതും ദൈവവചനത്തിന്റെ സനാതനത്വത്തിലും ഉദ്ദേശനിവർത്തിയിലും വിശ്വാസമുറപ്പിച്ചുകൊണ്ടാണ്. "പുല്ലുണങ്ങുന്നു, പൂവാടുന്നു; നമ്മുടെ ദൈവത്തിന്റെ വചനമോ എന്നേക്കും നിലനില്ക്കും" (യെശ. 40:8). "അത് വെറുതെ എന്റെ അടുക്കലേക്ക് മടങ്ങിവരാതെ എനിക്ക് ഇഷ്ടമുള്ളത് നിവർത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കയും ചെയ്യും" (യെശ. 55:10-11). ദൈവവചനം പ്രവാചകനെ സംബന്ധിച്ചിടത്തോളം സ്വന്തം ഹൃദയത്തിൽ കത്തിജ്വലിക്കുന്ന അഗ്നിപോലെയായിരുന്നു. "ഞാൻ ഇനിയും അവനെ ഓർക്കയില്ല, അവന്റെ നാമത്തിൽ സംസാരിക്കയുമില്ല എന്ന് പറഞ്ഞാലോ അത് എന്റെ അസ്ഥികളിൽ അടയ്ക്കപ്പെട്ടിട്ട് എന്റെ ഹൃദയത്തിൽ തീ കത്തുംപോലെ ഇരിക്കുന്നു" (യെശ. 20:7-9). ചരിത്രയാഥാർത്ഥ്യങ്ങളെ ഗൗരവമായി പരിഗണിച്ച് ജീവിത സാഹചര്യങ്ങളിൽ സംഗതമായ ദൈവിക സന്ദേശം ശക്തമായി അവർ അറിയിച്ചിരുന്നു (Historical Concretness). എട്ടാം നൂറ്റാണ്ടിലെ പ്രവാചകൻമാർ സമൂഹത്തിലെ അനാചാരങ്ങളോടും അനീതിയോടും അക്രമത്തോടും ശക്തമായി പ്രതികരിച്ചത് അതുകൊണ്ടാണ്.

പ്രവാചകൻമാരുടെ സന്ദേശങ്ങളുടെ കാതൽ 'ദൈവത്തിക്കലേക്ക് മടങ്ങുക' എന്ന ആഹ്വാനമായിരുന്നു. ഷൂബ് (Shub) എന്ന എബ്രായ പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. തിരിച്ചുവരവ് (return), പുനരുദ്ധാരണം (restoration), ജീവിതത്തിന്റെ നവീകരണം (revival) എന്നെല്ലാം ഈ പദത്തിന് വിവക്ഷയുണ്ട്. ആയിരിക്കുന്ന സ്ഥിതിയിൽ നിന്ന് ദൈവാഭിമുഖമായി ഒരു തിരിച്ചുവരവാണ് പ്രവാചകന്മാർ ഇതുകൊണ്ടുദ്ദേശിക്കുന്നത്.

"വരുവിൻ നാം യഹോവയുടെ അടുക്കലേക്ക് ചെല്ലുക. അവൻ നമ്മെ കടിച്ച് കീറിയിരിക്കുന്നു; അവൻ സൗഖ്യമാക്കും; അവൻ നമ്മെ അടിച്ചിരിക്കുന്നു. അവൻ മുറിവ് കെട്ടും" (യെശ. 6:1) ഒരുവന്റെ മനസും ഹൃദയവും ജീവിതവും

ദൈവാഭിമുഖമായി ചരിക്കാനിടയാകുക യെന്നതാണിവിടെ ഉദ്ദേശിക്കുന്നത്. ദൈവത്തിൽ നിന്നും ജീവിതത്തെ അകറ്റിക്കളയുന്ന സകല ദുഷ്ടശക്തികളിൽ നിന്നും അന്യദൈവ ആരാധനകളിൽ നിന്ന പിന്തിരിയുകമാത്രമല്ല ദൈവസന്നിധിയിലേക്ക് അടുത്തുവന്ന് അവിടുത്തെ ഉദ്ദേശത്തിന് അനുസൃതമായി ജീവിതത്തെ കെട്ടുപണി ചെയ്യുകയാണ് ഈ തിരിച്ചുവരവുകൊണ്ട് ഉദ്ദേശിക്കുന്നത്.

ദൈവവുമായി യിസ്രായേൽ ജനതയ്ക്കു ണ്ടായിരുന്ന ഉടമ്പടി ബന്ധത്തിന്റെ (Covenant) അടിസ്ഥാനത്തിലാണ് പ്രവാചകന്മാർ ചരിത്രത്തേയും മതജീവിതത്തേയും സാമൂഹിക ജീവിതത്തെയും വിശകലനം ചെയ്യുന്നത്. യിസ്രായേലുമായുള്ള ഉടമ്പടി ബന്ധം ദൈവത്താൽ നിർമ്മിതമായ ഒന്നാണ്. ഈ ഉടമ്പടിബന്ധം (berith) സനാതനവും (eternal) വ്യവസ്ഥകൾ കൂടാത്തതുമാണ് (unconditional). ഈ ഉടമ്പടി ബന്ധത്തിന്റെ പ്രതിഫലനങ്ങളാണ് ദൈവസ്നേഹവും (hesed), ന്യായവും (sedakah), നീതിയും (mishphat) ആർദ്രതയുമെല്ലാം. ദൈവിക ഉടമ്പടി ബന്ധത്തിന്റെ തകർച്ചയുടെ ഫലമാണ് ചരിത്രത്തിലൂടെ അവർ അനുഭവിച്ച വിപത്തുകൾ. യിസ്രായേലിന്റെ പ്രവാസത്തെയും ന്യായ വിധിയെയുമെല്ലാം പ്രവാചകന്മാർ ഈ വീക്ഷ ണത്തിലൂടെയാണ് വ്യാഖ്യാനിച്ചിട്ടുള്ളത്. യിസ്രായേലിന്റെ രക്ഷയും വീണ്ടെടുപ്പും നവീകരണവും യഹോവയിങ്കലേക്കുള്ള മടങ്ങിവരിവിലൂടെയാണ് സാക്ഷാത്ക്കരിക്കപ്പെ ടേണ്ടത്. 'മടങ്ങിവരിക'യെന്ന പ്രവാചകൻമാരു ടെ ആഹ്വാനം ഏതെല്ലാം മേഖലകളിലാണ് ഇന്ന് പ്രസക്തമായിരിക്കുന്നത്?

### (1) നിരർത്ഥകമായ ആരാധന (Meaningless Worship)

ആരാധനയിലൂടെ ദൈവജനം ദൈവിക സംസർഗ്ഗം അനുഭവിക്കുന്നു. ആരാധനയും സ്തുതി സ്തോത്രങ്ങളും അർത്ഥവത്തായിത്തീ രുന്നതും അവ ദൈവവുമായുള്ള ഉടമ്പടി ബന്ധത്തിന്റെ പ്രതിഫലനങ്ങളാവു മ്പോഴാണ്. യിസ്രായേലിലെ പ്രധാന പെരുന്നാളുകളെല്ലാം ചരിത്രത്തിലൂടെ ദൈവം അവരെ നടത്തിയ ദൈവാനുഭവങ്ങളുടെ ആഘോഷങ്ങളായിരുന്നു. ഈജിപ്റ്റിൽ നിന്നുള്ള വിടുതലും (Passover), മരുഭൂമിയിലൂടെയുള്ള പ്രയാണവും (Feast of the Tabernacle), സീനായിൽ വച്ചു ലഭിച്ച ദൈവിക ന്യായപ്രമാണങ്ങളും (Pentecost), ശത്രുക്കളുടെ ദുഷ്ടപദ്ധതികളിൽ നിന്നുള്ള ദൈവിക വിടുതലും (Purim) ദൈവജനം അനുഷ്ഠി ച്ചുവന്ന യാഗങ്ങളും കർമ്മങ്ങളുമെല്ലാം ദൈവവു മായുള്ള നിരപ്പിന്റെ (Reconciliation) ശുശ്രൂഷക ളായിരുന്നു. എന്നാൽ ഇവയെല്ലാം പിൽക്കാല ത്ത് വെറും ആചാരങ്ങളായി പരിണമിച്ചു. ഇതി നെ പ്രവാചകന്മാർ കഠിനമായി വിമർശിക്കുന്നു.

"ഇനി നിങ്ങൾ വ്യർത്ഥമായുള്ള കാഴ്ച കൊണ്ടുവരരുത്; ധൂപം എനിക്ക് വെറുപ്പാകുന്നു, അമാവാസ്യയും ശബ്ബത്തും സഭായോഗം കൂടുന്നതും നീതികേടും ഉത്സവ യോഗവും എനിക്ക് സഹിച്ചുകൂടാ" (യെശ. 1:13). ആഴമായ പാപബോധവും ആന്തരിക പരിവർത്തനവു മാണ് ആവശ്യമെന്ന് പ്രവാചകൻ ഉത്ബോധി പ്പിക്കുന്നു. നന്മ ചെയ്യുവാനും ന്യായം അന്വേഷി ക്കുവാനും അനാഥന് ന്യായം നടത്തിക്കൊടുക്കു വാനും വിധവയ്ക്കുവേണ്ടി വ്യവഹരിക്കുവാനും ആഹ്വാനം ചെയ്യുന്നു. പ്രവാചകശബ്ദം ഇന്ന് ഏറ്റവും പ്രസ്കതമാണ്. വ്യർത്ഥമായ ആചാരാ നുഷ്ഠാനങ്ങൾ ഒരുവശത്തും ഭൗതികതയിലും സ്വാർത്ഥതയിലും അടിമപ്പെട്ട മതജീവിതം മറ്റൊരുവശത്തുമെന്നത് ഇന്നിന്റെ പ്രത്യേക തയാണ്. അനുതാപമില്ലാതെ ലോകവുമായി പൊരുത്തപ്പെട്ട് ഭൗതിക സമൃദ്ധിയിൽ അഹങ്കരി ക്കുന്ന ഇന്നത്തെ സഭയോടുള്ള വെല്ലുവിളിയാ ണ് ഈ മടങ്ങിവരവിന്റെ സന്ദേശം.

### (2) അനീതി നിറഞ്ഞ ഘടനകളും ആർദ്രതയില്ലാത്ത സമൂഹവും

അനീതിയും അക്രമവും നിറഞ്ഞ ഘടനകളെ പ്രവാചകൻമാർ ശക്തമായി വിമർ ശിച്ചു. എട്ടാം നൂറ്റാണ്ടിലെ പ്രവാചകൻമാരുടെ സന്ദേശം നീതിക്കായുള്ള ആഹ്വാനമായിരുന്നു. ദാരിദ്ര്യവും പട്ടിണിയും അനീതിയും സുഖലോ ലുപത്വവുമെല്ലാം ഉടമ്പടി ജനം ദൈവത്തിൽ നിന്ന് അകന്നതിന്റെ പരിണിത ഫലങ്ങളാണ്. ദരിദ്രരായ കർഷകരുടെ സാമൂഹ്യ നീതിക്കു വേണ്ടി മീഖാ പ്രവാചകൻ ശബ്ദമുയർത്തുന്നു.

"മനുഷ്യാ നല്ലതെന്തെന്ന് അവൻ നിനക്ക് കാണിച്ചു തന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും ദയാതല്പരനാ യിരിക്കാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടക്കാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോട് ചോദിക്കുന്നത്?" (മീഖാ. 6:8). "ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോടുപോലെയും കവിഞ്ഞൊഴുകട്ടെ" എന്ന ആമോസിന്റെ ശക്തമായ ആഹ്വാനവും സമാനമാണ് (ആമോ. 5:24). സുഖലോലുപതയിൽ സമൂഹത്തെ വിസ്മരിക്കുന്നവർ ദൈവജനത്തിന് കളങ്കമാണ് വരുത്തി വയ്ക്കുന്നത്. അനുതാപവും മാനസാന്തരവും കേവലം ആരാധനയുടെയും വ്യക്തിപരമായ അനുഭവങ്ങളുടെയും തലത്തിൽ ഒതുങ്ങുന്നതല്ല. സാമൂഹിക ജീവിതത്തിൽ നീതിക്കായി നിലകൊള്ളുന്നതും സ്വന്തം ജീവിതത്തെ മറ്റുള്ളവരുടെ സന്തോഷത്തിനായി സമർപ്പിക്കുന്നതും ദൈവത്തിങ്കലേക്കുള്ള മടങ്ങിവരവിലൂ ടെ സാധിക്കേണ്ടതാണ്. യേശുവിന്റെ ആർദ്രത യാണ് അനേകം അത്ഭുതങ്ങളുടെ പിന്നിൽ കാരണമായിരുന്നത്. യേശുവിന്റെ കർത്തൃത്വം അംഗീകരിക്കുന്ന സഭയ്ക്കും ആർദ്രത നഷ്ടപ്പെടരുത്. പ്രായോഗിക ജീവിതത്തിൽ നീതി സംസ്ഥാപിക്കുന്നതിൽ പങ്കുചേരുന്നതിലൂടെയാണ് യഥാർത്ഥ ആത്മിക ജീവിതം സാദ്ധ്യമായിത്തീരുന്നത്. സഭാജനങ്ങളുടെയിടയിലെ ധൂർത്തും നിസ്സംഗതയും സാക്ഷ്യജീവിതത്തെ തകർക്കുന്നു. വിവാഹം, വിശേഷാവസരങ്ങൾ, ശവസംസ്ക്കാര ചടങ്ങുകൾ പോലും ഭൗതികതയുടെ അതിപ്രസരംകൊണ്ട് ആർഭാടമായിത്തീരുന്നു. ഇവിടെ നമുക്ക് ഒരു തിരിച്ചുവരവ് ആവശ്യമല്ലെ?

### (3) പ്രവാചകൻമാർ നൽകുന്ന നവദർശനം (Alternate Vision)

മതജീവിതത്തെയും സാമൂഹിക ജീവിതത്തെയും പ്രവാചകൻമാർ വിമർശിക്കുന്നത് ദൈവസ്നേഹത്തിൽ അടിസ്ഥാനപ്പെട്ടുകൊണ്ടാണ്. ഒരു വ്യത്യസ്തമായ ദർശനം സാദ്ധ്യമാണെന്ന അവർ ജനത്തെ ബോദ്ധ്യപ്പെടുത്തുന്നു. ആരാധനയും പ്രാർത്ഥനയും ആചാരാനുഷ്ഠാനങ്ങളും നിഷേധിക്കുകയല്ല അവർ ചെയ്തത് ദൈവികമായ കാഴ്ചപ്പാടിലൂടെ



അതിനതീതമായ ഒരു തലത്തിലേക്ക് ദൈവജനത്തെ നയിക്കുവാനാണ് അവർ ശ്രമിച്ചത്. അവർ കേവലം കോപിഷ്ഠരായ നേതാക്കളായിരുന്നില്ല. ദൈവിക ചൈതന്യവും യാഥാർത്ഥ്യവും ഉൾക്കൊണ്ടുകൊണ്ടും ദൈവഹിത ത്തിനനുസരിച്ചുള്ള ഒരു പുതിയ മൂല്യക്രമം സൃഷ്ടിക്കുന്നതിനും അവർ വെമ്പൽ കൊള്ളുന്നു. ദൈവാധിഷ്ഠിതമായ അവരുടെ ജീവിതത്തിലും അനുഭവങ്ങളിലും അടിസ്ഥാനപ്പെട്ട് ഒരു നവദർശനത്തിലേക്ക് അവർ ജനത്തെ നയിക്കുകയാണ്. ഈ ദർശനത്തിനുവേണ്ടി ജീവാർപ്പണം ചെയ്യുവാൻ അവർ തയ്യാറായിരുന്നു. യേശുവും സ്വന്ത ജനങ്ങളാൽ തിരസ്ക്കരിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ യേശുവിലൂടെ ഒരു നവയുഗം ആരംഭിക്കുകയായിരുന്നു. യോഹന്നാൻ സ്നാപകൻ ഒരു പ്രവാചകനായി ജ്വലിച്ച് പ്രകാശിച്ചു. സ്വന്തം ജീവിതത്തെ ഈ ദർശനത്തിനായി അർപ്പിച്ചു.

നമുക്കും ഇന്ന് ഈ നവദർശനമാണ് സാദ്ധ്യമായിത്തീരേണ്ടത്. ദൈവത്തിങ്കലേക്കുള്ള മടങ്ങിവരവോടുകൂടി ഒരു പുതിയയുഗത്തിന്റെ പ്രത്യാശയോടെ മുന്നേറുവാൻ നമുക്ക് സഭയായി സാദ്ധ്യമാവണം.

# ദൈവത്തിങ്കലേക്ക് തിരിയുക

## ചില പുതിയ നിയമ ചിന്തകൾ

***ഓരോ വചന പ്രഘോഷണവും ദൈവത്തിങ്കലേക്ക് തിരിയുവാൻ നമ്മെ പ്രേരിപ്പിക്കുമ്പോൾ 'ദൈവത്തിങ്കലേക്ക് തിരിയുക എന്ന വിഷയ ത്തിന്റെ പുതിയ നിയമ കാഴ്ചപ്പാടുകൾ റവ. ഡോ. കോശി പി. വർഗ്ഗീസ് അവതരിപ്പിക്കുന്നു. ഫരീദാബാദ് ധർമ്മജ്യോതി വിദ്യാപീഠത്തിൽ അദ്ധ്യാ പകനും രജിസ്ട്രാറുമാണ് ലേഖകൻ.***

**യേ**ശുവിന് മുന്നോടിയായിവന്ന യോഹന്നാൻ മാനസാന്തരത്തിനായി ജനങ്ങളെ ആഹ്വാനം ചെയ്തു (മത്താ.3:2). മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്പിൻ എന്നത് യോഹന്നാന്റെ ഊന്നലായിരുന്നു (മത്താ. 3:8 ലൂക്കോ. 3:8). കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു, മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പീൻ എന്ന ആഹ്വാനത്തോടെയാണ് യേശുതന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നത്. (മർക്കോ.1:15, മത്താ.4:17). യേശുക്രിസ്തുവിൽ രക്ഷയുടെ പുതുയുഗം ആരംഭിച്ചു. ക്രിസ്തുവിലുള്ള ഈ പുതു ജീവിതം (New lifeline in Christ) സ്വീകരിക്കുന്നതിന് അടിസ്ഥാനപരമായി വേണ്ടത് മാനസാന്തരമാണ്. പെന്തെക്കൊസ്ത നാളിൽ പത്രോസിന്റെ പ്രസംഗംകേട്ട് ഹൃദയത്തിൽ കുത്തുകൊണ്ട ജനങ്ങൾ, എന്തുചെയ്യണമെന്നു ചോദിച്ചപ്പോൾ മാനസാന്തരപ്പെടുവിൻ



എന്ന ആഹ്വാനമാണ് നൽകുന്നത്. (അ.പ്ര.2:38). ഗ്രീക്കിൽ മെറ്റാനോയിയാ (അനുതാപം), മെറ്റാനോയിയോ (അനുതപിക്കുക), എപ്പിസ്ട്രോഫേ (ദൈവത്തിങ്കലേക്ക് തിരിയുക) എന്നീ പദങ്ങളാണ് മാനസാന്തരത്തിനു നൽകിയിരിക്കുന്നത്. ഈ പദങ്ങളുടെയെല്ലാം കേന്ദ്രസന്ദേശം സ്വാർത്ഥ കേന്ദ്രീകൃതമായ ജീവിതത്തിൽ നിന്നും ദൈവകേന്ദ്രീകൃതമായ ജീവിതത്തിലേക്കുള്ള മടങ്ങിവരവ് എന്നതാണ്. അനുതാപം എന്ന പദത്തിന് നൽകിയിരിക്കുന്ന ശ്രദ്ധേയമായ ഒരു നിർവ്വചനം ഇപ്രകാരമാണ്. "True repentence is a decisive change of mind, involving the 'turning round' of one's personality away from self-centredness and back to God centredness, with a consequent altering of the whole of one's attitude towards God and his demands." അപ്പൊസ്തലനായ പൗലോസ് പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക, ഈ ലോകത്തിനു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ. (റോമ:12.2) ദൈവോന്മുഖമായ ജീവിതത്തിനായി മനസ്സു പുതുക്കുക എന്നതാണ് ദൈത്തിങ്കലേക്ക് തിരിയുക എന്ന ആഹ്വാനത്തിലടങ്ങിയിരിക്കുന്നത്.

### മാനസാന്തരത്തിലേക്ക് നയിക്കുന്ന ദൈവസ്നേഹം

ദരിദ്രർക്കും തള്ളപ്പെട്ടവർക്കും വിലപിക്കുന്നവർക്കും വാഗ്ദാനം ചെയ്യപ്പെട്ട രക്ഷയുടെ പുതുയുഗം യേശുവിൽ ആഗതമായി. പാപികളോടും ചുങ്കക്കാരോടും ഉള്ള യേശുവിന്റെ സഹവർത്തിത്വവും പന്തിഭോജനവും ഇതിന്റെ നിദർശ

നമാണ്. ചുങ്കക്കാരേയും പാപികളേയും യഹൂദന്മാർ പുഛിച്ചു പുറം തള്ളിയപ്പോൾ യേശുവിന്റെ മനോഭാവം വ്യത്യസ്തമായിരുന്നു. യേശുവിലൂടെ ആഗതമായ രക്ഷ പാപികളോടും ചുങ്കക്കാരോടും കരുണ കാണിക്കുന്നതായിരുന്നു. Norman Perrin എന്ന പുതിയനിയമപണ്ഡിതന്റെ അഭിപ്രായത്തിൽ പാപികളോടും ചുങ്കക്കാരോടുമൊത്തുള്ള യേശുവിന്റെ പന്തിഭോജനം യേശുവിന്റെ ശുശ്രൂഷയുടെ കേന്ദ്രഘടകമായി പരിഗണിക്കാം എന്നതാണ്. യേശുവിന്റെ ഈ സഹവർത്തിത്വത്തെ ശാസ്ത്രിമാരും പരീശന്മാരും വിമർശിച്ചു (മത്താ.9:10 മു: മർക്കോ 2:15 മു. ലൂക്കോ.5:29-30). ലേവിയുടെ വീട്ടിൽ ചുങ്കക്കാരോടും മറ്റു പുരുഷാരത്തോടുമൊത്ത് യേശു ഭക്ഷണത്തിനിരുന്നപ്പോൾ, നിങ്ങൾ ചുങ്കക്കാരോടും പാപികളോടുമൊത്ത് തിന്നുകുടിക്കുന്നത് എന്ത് എന്നു പറഞ്ഞ്, അതിനു മറുപടിയായി യേശു പറഞ്ഞ വക്കുകൾ ഇപ്രകാരമാണ്, "ഞാൻ നീതിമാൻമാരെയല്ല, പാപികളെയത്രേ മാനസാന്തരത്തിനു വിളിപ്പാൻ വന്നിരിക്കുന്നത്" (ലൂക്കോ 5: 32) എന്നാണ്. ചുങ്കക്കാരോടും പാപികളോടുമുള്ള യേശുവിന്റെ സ്നേഹവും കാരുണ്യവും അനേകരെ അവങ്കലേക്ക് ആകർഷിക്കുകയും മാനസാന്തരത്തിലേക്ക് അവരെ നയിക്കുകയും ചെയ്തു.

യേശുവിന്റെ സ്നേഹ സാന്നിധ്യത്തിൽ ചുങ്കക്കാരനായ സക്കായിക്കുണ്ടായ മാനസാന്തരം ഇവിടെ പ്രസ്താവ്യമാണ് (ലൂക്കോ 19:110). ഉദ്യോഗം കൊണ്ടും സമ്പത്തുകൊണ്ടും ഉന്നതനെങ്കിലും എല്ലാവരാലും വെറുക്കപ്പെട്ടവനായിരുന്നു സക്കായി. ആരുടേയും സ്നേഹം തനിക്കു ലഭിച്ചിരുന്നില്ല. ധനസമ്പാദനം മാത്രം ലക്ഷ്യമാക്കിയിട്ടുള്ള ജീവിതമായിരുന്നു സക്കായിയുടേത്. ഒരു ഭാഗത്ത് ജീവിതത്തിൽ ധനമേറിക്കൊണ്ടിരുന്നു. മറുഭാഗത്ത് ജീവിതത്തിൽ അർത്ഥം നഷ്ടപ്പെട്ടുകൊണ്ടിരുന്നു. ഒരു ശൂന്യത (vaccum) സക്കായി അനുഭവിച്ചു. യേശുവിന്റെ സ്നേഹത്തോടെയുള്ള സമീപനം സക്കായിയെ രൂപാന്തരപ്പെടുത്തുന്നു. യഹൂദ മതനേതൃത്വം തന്നെ പുച്ഛിച്ചു പുറംതള്ളിയപ്പോൾ യേശു തന്റെ ഭവനത്തിലേക്ക് വരികയും തന്നോട് സ്നേഹത്തോട് ഇടപെടുകയും ചെയ്തു. സ്നേഹത്തിന്റെ അഭാവംമൂലം തന്റെ ജീവിതത്തിൽ ഉണ്ടായിരുന്ന ശൂന്യതയെ യേശുസ്നേഹം കൊണ്ട് നിറച്ചു. ഈ സ്നേഹമാണ് സക്കായിയെ രൂപാന്തരത്തിലേക്ക് നയിച്ചത്. ഡോ. എം. എം. തോമസ് ഇപ്രകാരം എഴുതിയിട്ടുണ്ട്, "എത്ര നീചനായിരുന്നാലും യേശു തന്റെ സഖിത്വം ആർക്കും വിലക്കുകയില്ല. യേശുവിന്റെ സഖിത്വത്തിൽ ആരും രൂപാന്തരം പ്രാപിക്കാതിരിക്കയില്ല." യേശുവിന്റെ സ്നേഹസമീപനം നമ്മുടെ ജീവിതങ്ങളെ വിലയിരുത്തുന്നതിനും അതിലൂടെ രൂപാന്തരത്തിലേക്ക് നയിക്കുന്നതിനും ഇടയാകണം. വില്ല്യം ടെംബിളിന്റെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്, "Repentence is a massive reevaluation process in wich the perspective on what is right and wrong got changed''.

**മാനസാന്തരവും ക്രിസ്തീയ ശിഷ്യത്വവും**

ലൂക്കൊ.5.27-32 വരെയുള്ള ഭാഗം യേശു ചുങ്കക്കാരനായ ലേവിയെ വിളിക്കുന്നതാണ്. ചുങ്കസ്ഥലത്തിരുന്ന ലേവിയെ കണ്ട യേശു എന്നെ അനുഗമിക്കുക എന്നു അവനോട് പറഞ്ഞു. എന്നെ അനുഗമിക്കുക എന്ന് ഗ്രീക്കിൽ Present imperative tense ലാണ് കൊടുത്തിരിക്കുന്നത്. ഒരു കാര്യം തുടർച്ചയായി ചെയ്തുകൊണ്ടിരിക്കുക എന്ന അർത്ഥമാണ് present imperative tense ൽ നൽകുന്നത്. ജീവിതം മുഴുവൻ

> *"എത്ര നീചനായിരുന്നാലും യേശു തന്റെ സഖിത്വം ആർക്കും വിലക്കുകയില്ല. യേശുവിന്റെ സഖിത്വത്തിൽ ആരും രൂപാന്തരം പ്രാപിക്കാതിരിക്കയില്ല."*

ശിഷ്യനായിരിപ്പാനുള്ള വിളിയാണിത്. ലേവി എഴുന്നേറ്റ് സകലവും വിട്ട് അവനെ അനുഗമിച്ചു. എഴുന്നേറ്റു എന്നതിന് മൂലഭാഷയിൽ അനാസ്റ്റാസ് എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. പഴയതിനോട് വിടപറഞ്ഞ് ജീവിതം മുഴുവൻ ശിഷ്യനായിരിപ്പാനുള്ള പുറപ്പാടിനെ വെളിവാക്കുന്നതാണ് ഈ പദം. മാനസാന്തരം എന്നത് ക്രിസ്തുവിൽ പുതിയ മനുഷ്യനാകുന്ന അനുഭവമാണ് (2 കൊരി.5:17).


മാനസാന്തരം എന്നത് ഉപരിപ്ലവമല്ല. മറിച്ച് ആയുസ്സു മുഴുവൻ പുതുസൃഷ്ടിയുടെ അനുഭവത്തിൽ ക്രിസ്തുവിനെ അനുഗമിക്കുന്ന

തായി തീരണം. അപ്പോഴാണ് മാനസാന്തര ത്തിന്റെ ഫലം പുറപ്പെടുവിക്കുന്ന ജീവിതമായി തീരുന്നത്. ഫലകരമായ ജീവിതത്തിന് നമ്മെ സഹായിക്കുന്ന ഉപദേശങ്ങളാണ് യേശുവിന്റെ പർവ്വതപ്രസംഗത്തിൽ അടങ്ങിയിരിക്കുന്നത് (മത്താ.5-7). തന്നെ അനുഗമിക്കുന്നവരിൽ നിന്നും യേശു പ്രതീക്ഷിക്കുന്നത് ശാസ്ത്രിമാരുടെയും പരിശന്മാരുടെയും നീതിയെ കവിയുന്നതായ നീതിയാണ് (മത്താ.5:20). ശാസ്ത്രിമാരുടെയും പരീശന്മാരുടെയും ജീവിതത്തിന്റെ പോരായ്മ എന്തായിരുന്നു എന്നതും യേശു സൂചിപ്പിക്കുന്നു, “ശാസ്ത്രിമാരും പരീശന്മാരും മോശയുടെ പീഠത്തിൽ ഇരിക്കുന്നു. ആകയാൽ അവർ നിങ്ങളോടു പറയുന്നത് ഒക്കെയും പ്രമാണിച്ചു ചെയ്‌വീൻ അവരുടെ പ്രവൃത്തികൾപോലെ ചെയ്യരുതുതാനും. അവർ പറയുന്നതല്ലാതെ ചെയ്യുന്നില്ലല്ലോ” (മത്താ.23:1-3). തന്നെ അനുഗമിക്കുന്നവർ ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവരായിരിക്കണം (doing the will of God) എന്നു യേശു പഠിപ്പിച്ചു. “എന്നോട് കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്'' (മത്ത.7.21). എന്താണ് ദൈവത്തിന്റെ ഇഷ്ടം? ദൈവത്തോടും മനുഷ്യ നോടുമുള്ള (മത്താ.22:37-40) സ്നേഹാധിഷ്ഠിത ജീവിതമാണ് ദൈവേഷ്ടം. മാനസാന്തരം കേവലം വികാരപരമായ ഒന്നായി മാത്രം തീരരുത്. മറിച്ച്, ഫലകരമായ ക്രിസ്തീയ ശിഷ്യത്വത്തിലേക്ക് നയിക്കണം.

**മാനസാന്തരത്തിന്റെ സാധ്യത ദൗത്യം**

ലൂക്കോ.5:1-11 വരെയുള്ള ഭാഗം മീൻപിടുത്തക്കാരനായ പത്രോസിനെ യേശു വിളിക്കുന്നതാണ്. രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഫലം കിട്ടാതിരുന്ന സാഹചര്യത്തിൽ കർത്താവിന്റെ വാക്കിനു വല ഇറക്കിയപ്പോൾ പെരുത്ത

**“മാനസാന്തരം പാപം നിറഞ്ഞ ലോകത്തിൽ നിന്നും ദൈവത്തിങ്കലേക്ക് തിരിയുന്നതും ദൈവത്തോടൊപ്പം പാപം നിറഞ്ഞ ലോകത്തിലേക്ക് ഇറങ്ങിചെല്ലുന്നതുമാണ്.”**



മീൻകൂട്ടം ലഭിച്ച പത്രോസ് യേശുവിന്റെ കാൽക്കൽ വീണു പാപിയായ എന്നെ വിട്ടുപോകേണമേ എന്നപേക്ഷിച്ചു. എന്നാൽ യേശു അവനെ ദൗത്യത്തിനായി നിയോഗിക്കുകയായിരുന്നു. ഇന്നുമുതൽ നീ മനുഷ്യരെ പിടിക്കുന്നവനാകും (ലൂക്കൊ. 5:10). ശിഷ്യത്വത്തിന്റെ പാതയിൽ പരാജയങ്ങൾ സംഭവിച്ചപ്പോൾ അതു ക്ഷമിച്ച് അവനെ യഥാസ്ഥാനപ്പെടുത്തിയ കർത്താവ് “എന്റെ ആടുകളെ പാലിക്ക” എന്ന വലിയ ദൗത്യം പത്രോസിനെ ഏൽപിച്ചു (യോഹ:21:17)ദമസ്ക്കോസിന്റെ പടിവാതിൽക്കൽ വച്ച് കർത്താവുമായുണ്ടായ അഭിമുഖീകരണം പൗലോസിനെ ദൗത്യത്തിലേക്ക് നയിച്ചു (അ.പ്ര.9) ഹെൻട്രി ക്രേവറിന്റെ വാക്കുകൾ ശ്രദ്ധിക്കുക, “മാനസാന്തരം പാപം നിറഞ്ഞ ലോകത്തിൽ നിന്നും ദൈവത്തിങ്കലേക്ക് തിരിയുന്നതും ദൈവത്തോടൊപ്പം പാപം നിറഞ്ഞ ലോകത്തിലേക്ക് ഇറങ്ങിചെല്ലുന്നതുമാണ്.” മാനസാന്തരത്തിന്റെ സാധ്യത ദൗത്യമാണ്.

**ഉപസംഹാരം**

ധനവും ഉപഭോഗവും പുതിയ ആരാധനാബിംബങ്ങളായി മാറിയിരിക്കുന്ന ഒരു സംസ്ക്കാരത്തിലാണ് നാം നാം ജീവിക്കുന്നത്. “make money by hook or by crook and use that money to increase pleasures” എന്നത് ഇന്നത്തെ ജീവിതശൈലിയായി മാറിയിരിക്കുന്നു. തെറ്റായ ദിശയിൽ ജീവിക്കുന്ന ഈ സംസ്കാരത്തോട്, മാനസാന്തരപ്പെടുവാൻ സ്നേഹവാനായ ദൈവം ആഹ്വാനം ചെയ്യുന്നു. മാനസാന്തരപ്പെട്ട് ശിഷ്യത്വത്തിന്റെ പാതയിൽ ജീവിച്ച് ദൈവരാജ്യത്തിൽ പങ്കാളികളകുന്നതിന് നമുക്ക് ഇടയാകണമെന്ന് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. ഇതിന് ദൈവം നമ്മെ സഹായിക്കട്ടെ.

# നോമ്പ്

## അനുതാപത്തിനും അതിജീവനത്തിനും

***ദൈവരാജ്യാനുഭവങ്ങളുടെ തീർത്ഥയാത്രയിൽ നോമ്പും നൊമ്പരവും ശക്തീകരണമാകുന്നതിന്റെ പാഠങ്ങൾ തിരുവല്ല, എപ്പിസ്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ടിലെ അദ്ധ്യാപകനായ ദിവ്യശ്രീ. രാജൻ ജോർജ്ജ് കശ്ശീശാ പങ്കുവയ്ക്കുന്നു.***

ക്രിസ്തീയജീവിതം ദൈവരാജ്യത്തിലേക്കുള്ള ഒരു തീർത്ഥാടനമാണല്ലോ ആയാത്രയിൽ ഉണ്ടാകുന്ന പ്രതിബന്ധങ്ങളെ നീക്കി യാത്ര സുഗമമാക്കുന്നതിനുള്ള ഉപാധിയാണ് നോമ്പും പ്രാർത്ഥനയും ആത്മസംയമനം കൈവരിക്കുന്നതിന് ഉപവാസവും പ്രാർത്ഥനയും ഒഴിച്ചുകൂടാത്തതാകുന്നു. ഭക്ഷണത്തിൽ ഉപവസിക്കുക മാത്രമല്ല മറ്റ് ദോഷകരമായ ചേതോവികാരങ്ങളേയും നിയന്ത്രിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ദൈവജനത്തിന്റെ സ്വയശോധനയും അനുതാപത്തിനും ഹൃദയ പരിവർത്തനത്തിനും തദ്വാര സഭയുടെ പുനനവീകരണത്തിനുമുള്ള ക്രമീകരണമാണ് നോമ്പുകൾ.

പ്രധാനമായും അഞ്ചു നോമ്പുകളാണ് നമ്മുടെ സഭയിൽ ആചരിക്കുന്നത്

**(1) ആഗമനനോമ്പ്**

ഇരുപത്തഞ്ച് നോമ്പ് എന്ന പേരിലും അറിയപ്പെടുന്നു. ഡിസംബർ 1 മുതൽ 25 വരെ കർത്താവിന്റെ ജനനത്തോട് ചേർന്ന് സഭ ആചരിക്കുന്നു. കർത്താവിനെ സ്വീകരിക്കുവാൻ ദൈവജനത്തെ ഒരുക്കി ശുദ്ധീകരിക്കുന്ന ദിവസങ്ങളായി വേർതിരിച്ചിരിക്കുന്നു.

**(2) മൂന്നു നോമ്പ്**

യോനാപ്രവാചകന്റെ അനുതാപവും തന്മൂലം ബന്ധനത്തിൽ നിന്നുള്ള വിടുതലും ലഭിക്കുന്നു.ജനുവരി-ഫെബ്രുവരിമാസങ്ങളിലാണ് ഈ നോമ്പ് ആചരിക്കുന്നത്. നിനുവായരെപ്പോലെ മാനസ്സാന്തരപ്പെടുന്നതിനായി ഈ നോമ്പു നോക്കുന്നു.

**(3) അൻപതു നോമ്പ്**

വലിയ നോമ്പ് എന്ന പേരിലും അറിയപ്പെടുന്നു. നിഖ്യാസുന്നഹദോസ് സഭയിലെങ്ങും ഈ നോമ്പ് ആചരിക്കണമെന്ന് തീരുമാനിച്ചു. Lent എന്ന വാക്ക് വസന്തം എന്ന പദത്തോ ടതുബന്ധപ്പെട്ടിരിക്കുന്നു. ഉയിർപ്പിനു മുമ്പുള്ള വസന്തകാല നോമ്പായതുകൊണ്ടാണ് Lent എന്ന പദം വലിയ നോമ്പിന് ഉപയോഗിക്കുന്നത് കർത്താവിന്റെ പീഡാനുഭവത്തെ ധ്യാനിക്കുന്നതിനും കർത്താവ് ഉപവസിച്ചതിന്റെ മാതൃകയിലും സഭ ഈ നോമ്പ് ആചരിക്കുന്നു.

**(4) ശ്ലീഹാ നോമ്പ്**

ജൂൺമാസത്തിൽ പതിമൂന്നു ദിവസം നീണ്ടുനിൽക്കുന്നു. പന്ത്രണ്ടു അപ്പോസ്തലൻമാരെ സ്മരിക്കുകയും പട്ടത്വ ശുശ്രൂഷയ്ക്ക് ശക്തീകരണം നൽകുകയും ചെയ്യുന്നു. ശ്ലീഹൻമാരെ പോലെ ദൈവരാജ്യ പ്രവർത്തനത്തിൽ ഉത്സാഹത്തോടും ജാഗ്രത യോടും വേലചെയ്യുവാൻ ദൈവജന ത്തെ ഒരുക്കുന്നു

**(5) പതിനഞ്ചുനോമ്പ്**

ഓഗസ്റ്റുമാസം 1 മുതൽ 15 വരെയുള്ള ദിവസങ്ങൾ കന്യകമറിയാമ്മിനോടുള്ള ബന്ധത്തിൽ ഇതിനെ കാണുന്നു. യേശുക്രിസ്തുവിന്റെ തേജസ്ക്കരണം, സഭയുടെ വിളി, പ്രേക്ഷിത പ്രവർത്തനത്തിലുള്ള നിയോഗം ഇവ ചിന്തിക്കുന്നു.

**നോമ്പ്-വേദപുസ്തകാടിസ്ഥാനം**

1) വി.വേദ പുസ്തകം. വി.വേദപുസ്തകത്തിൽ പ്രത്യക്ഷ മായും പരോക്ഷമായും

നോമ്പിനെ കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. നമ്മുടെ കർത്താവ് അനുഷ്ഠിച്ചതും തന്റെ ശിഷ്യൻമാരെ പഠിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് കർത്താവിന്റെവചനത്തോടുള്ള അനുസരണ മാണ് നോമ്പ്. (മത്താ. 4:2, 6:16-18, 9:15, മർക്കോ.2:20)

2) അപ്പോസ്തലികപിന്തുടർച്ചയുള്ള സഭ അവരുടെ ഉപദേശങ്ങളെയും അനുഷ്ഠിക്കുകയും. അങ്ങനെയെങ്കിൽ വിശുദ്ധ വേദപുസ്തകത്തിൽ അപ്പോസ്തലൻമാർ ഉപവസിച്ച് പ്രാർത്ഥിച്ചതായികാണുന്നു

3) ലോക ഇമ്പങ്ങളെക്കാൾ കഷ്ടതയും പട്ടിണിയും സ്വീകരിക്കുന്നതുമൂലും നമ്മുടെ ജഡത്തെ ക്രൂശിക്കുവാനും ആത്മനിയന്ത്രണം ലഭിക്കുവാനും നോമ്പ് സഹായിക്കുന്നു. (1 കൊരി. 9:27, ഗലാ. 5:24)

4) മണവാളൻ വിട്ടുപിരിയുന്നകാലം വരും അന്ന് ഉപവസിക്കും എന്ന് കർതൃവചനം പഠിപ്പിക്കുന്നു. (ലൂക്കോ 5.35) കൂടാതെ പഴയ പുതിയനിയമങ്ങളിൽധാരാളം ഭാഗങ്ങളിൽ നോമ്പിന്റെ പ്രാധാന്യം കാണാം.

## വിവിധതരത്തിലുള്ള നോമ്പുകൾ

തിരുവചനം പഠിക്കുമ്പോഴും ആദിമ സഭാചരിത്രം പരിശോധിക്കുമ്പോഴും വ്യത്യസ്ത രീതികളിൽ നോമ്പ് ആചരിക്കുന്നതായി മനസ്സിലാക്കാം.

**1) അംശിക നോമ്പ്**

എതാനും ചില ഭക്ഷണപദാർത്ഥങ്ങൾ വെടിയുകയോ ഒരുനേരത്തെ ഭക്ഷണം വെടിയുകയോ ചെയ്യുന്നരീതി

**2) സമ്പൂർണ്ണനോമ്പ്**

ഏതാനും ദിവസങ്ങൾ ഭക്ഷണം കഴിക്കാതെയും പാനീയങ്ങൾ കഴിക്കാതെയും ഉപവസിക്കുന്നു.

**3) ദീർഘദിവസം**

ദീർഘദിവസങ്ങൾ ഭക്ഷണം കഴിക്കാതെയും പാനീയങ്ങൾകുടിക്കാതെയും ഉപവസിക്കുക. നമ്മുടെ കർത്താവും, മോശയും ഏലി യാവും ദീർഘനാൾ നോമ്പു നോക്കി.

ഉപവാസം വേണ്ടിയ ദിവസങ്ങളിൽ സന്ധ്യവരെയോ ഇരുപത്തിരണ്ടരവരെയോ ,ഉച്ചവരെയേങ്കിലുംവരെയോ ഉപവസിക്കണമെന്നുള്ളതാണ് നിയമം. നോമ്പും ഉപവാസത്തിന്റെ ചിട്ടകളും മുൻ കാലത്ത് കൂടുതൽ പേർ വളരെകൃത്യമായി പാലിച്ചു വന്നിരുന്നു. എന്നാൽവിസ്മൃതിയിൽ തള്ളപ്പെട്ടുകൊണ്ടിരിക്കുന്നത് സഭയുടെ ശക്തിയും ജീവനും നഷ്ടപ്പെട്ടുപോകുവാൻ കാരണമായിതീർന്നിരിക്കുന്നു. അവജീവിതത്തതിൽ വീണ്ടും പ്രയോഗിക്കേണ്ടത് നമ്മുടെ ജീവന്റെ പുതുക്ക ത്തിനും നിലനിൽപിനും അത്യാവശ്യമാണ്.

## നോമ്പിന്റെ ഗുണങ്ങൾ

നോമ്പ് കേവലം ഒരു കർമ്മാചാരമായിതീരുവാൻ പാടില്ല. കർമ്മാചാരങ്ങൾക്ക് മാത്രമായി മനുഷ്യനു രക്ഷ നൽകുവാൻ കഴിയുകയുമില്ല എന്നാൽ കർമ്മാചാരങ്ങളുടെ അനുഷ്ഠാനം ആദ്ധ്യാത്മിക അന്തസ്സത്തയിലേക്കുള്ള തിരിച്ചുവരവും വളർച്ചയും ആകണം ഇവിടെയാണ് നവീകരണത്തിന്റെ ആവശ്യം ഭക്ഷണം വെടിഞ്ഞ് പാപചിന്തയിലിരിക്കുന്നത് നോമ്പല്ല സർവ്വേന്ദ്രിയങ്ങളും ദൈവത്തിൽ സമർപ്പിക്കുന്ന അവസ്ഥയാണ് നോമ്പ്.

**1) നോമ്പ് കൊണ്ട് ശുദ്ധീകരണം സാധിക്കണം.**

ശുദ്ധീകരണം കൂടാതെ ആരും ദൈവത്തെകാണുകയില്ല വിശുദ്ധീകരണം ദൈവത്തിന്റെ ഇഷ്ടമാണ്. ശരീരവും മനസ്സും ആത്മാവും ഈ പ്രക്രീയക്ക് വിധേയമാണ്. ശരീരം ദൈവത്തിന്റെ മന്ദിരമാണ്. ശരീരത്തെ വിശുദ്ധിയിൽ സൂക്ഷിക്കുവാൻ സൂക്ഷിക്കുവാൻ മനുഷ്യർക്ക് ഉത്തരവാദിത്വമുണ്ട് ശരീരത്തെ ദുരുപയോഗപ്പെടുത്തുന്ന പ്രവണതകൾ ക്കെതിരെ പോരാടുന്ന ആർജ്ജവത്തമാണ് നോമ്പിന്റ ആചരണം കൊണ്ടുണ്ടാവേണ്ടതു. ദൈവത്തെ ജീവിതപങ്കാളിയാക്കുന്ന ആരോഗ്യ പരമായ പ്രക്രീയയാണ് യഥാർത്ഥജീവിത വിശുദ്ധീകരണം.

ദൈവഹിതമനുസരിച്ച് നടപ്പുക്രമീകരിക്കാനുള്ള അവസരമാണ് നോമ്പിൽകൂടി ലഭ്യമാകേണ്ടത് നല്ലനടപ്പ് സ്വർഗ്ഗീയപരിജ്ഞാനത്തിന്റെ ലക്ഷണവും അടയാളവുമാണ്. ഉന്നതലക്ഷ്യങ്ങൾക്കുവേണ്ടി ആയുസ്സിനെ പരിപകമാക്കാനുള്ള പ്രതിബദ്ധതയാണ് നോമ്പിന്റ ലക്ഷ്യം നോമ്പാചരണം ഈലക്ഷ്യത്തിൽ നമ്മെ എത്തിക്കണം.

ആത്മാവിന്റെ പുതുക്കവും അനുതാപത്തിനുള്ള അവസരവും സ്വയംതാഴ്ത്തുന്നതിനുള്ളശ്രമവുമാണ് നോമ്പിലൂടെ സാധ്യമാകുക.

# തീർത്ഥാടകരുടെ ആകുലതകൾ

- മത്തായി 6:24-34.

**കരുതുന്നവനായ ദൈവവും കരുതിവെക്കാൻ കൊതിക്കുന്ന മനുഷ്യനും തമ്മിൽ കണ്ടുമുട്ടുമ്പോഴുള്ള നൊമ്പരം പങ്കുവെയ്ക്കുകയാണ് തേവലക്കര വലിയപള്ളി വികാരിയായ റവ. വിനോയി ഡാനിയേൽ.**

ഭംഗിയായി ക്രമപ്പെടുത്തിയതാണ് വിശുദ്ധ മത്തായി എഴുതിയ സുവിശേഷം. ഈ സുവിശേഷത്തിലെ അനുഗൃഹീത ഭാഗമാണ് ഗിരിപ്രഭാഷണം. സ്വർഗ്ഗരാജ്യത്തിലേക്കുള്ള



വഴി ലോകക്രമങ്ങളിൽ നിന്നും തീർത്തും വിപരീത ദിശയിലാണെന്ന് ഭാഗ്യവർണ്ണനകൾ പ്രഖ്യാപിക്കുന്നു മോശെ നൽകിയ ന്യായ പ്രമാണത്തിന് പുതിയ വ്യാഖ്യാനം നൽകി ന്യായപ്രമാണത്തിന്റെ അന്തഃസത്തയ്ക്ക് നവദർശനം കർത്താവ് നൽകുന്നു. പ്രകടന പരതയെ ശക്തമായി വിമർശിക്കുന്ന പ്രസംഗം അന്തരാത്മാവിലെ ആത്മാർത്ഥതയെ പ്രകീർത്തിക്കുന്നു. പാഴ്വാക്കുകളിലെ അർത്ഥശൂന്യതയെ നിരാകരിക്കുന്ന പ്രസംഗം പ്രവൃത്തികൊണ്ട് വാക്കുകളെ പൂരിപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഈ പരമ്പരയിലെ അതിമനോഹരമായ ഭാഗമാണ് 6-ാം അദ്ധ്യായം 24 മുതൽ 34 വരെയുള്ള ഭാഗങ്ങൾ. ആകുലചിന്തയാണ് ഈ ഭാഗത്തെ പ്രധാന പ്രതിപാദ്യ വിഷയം. സമാനമായ ഭാഗം വിശുദ്ധലൂക്കോസിന്റെ സുവിശേഷത്തിലുമുണ്ട് (ലൂക്കോസ് 12:22-34). വിളിച്ചു നിയോഗിച്ച ശിഷ്യൻമാരോട് കർത്താവ് പറയുന്നു. നിങ്ങൾ ഒരു തീർത്ഥയാത്രയിലാണ്. തീർത്ഥം ദൈവരാജ്യമാണ്. ഈ യാത്രയിലെ ആകുലതകളോടും വിചാരങ്ങളോടുമുള്ള കർത്താവിന്റെ പ്രതികരണമാണ് ഈ ഭാഗം. യാത്രയിൽ അറിയേണ്ടതും പാലിക്കേണ്ടതുമായ ചില സത്യങ്ങൾ കർത്താവ് അവരെ പഠിപ്പിക്കുന്നു.

1. **പര്യാപ്തതയുടെ രഹസ്യം ദൈവം**

യജമാനൻ ആര്? ദൈവമോ, മാമോനോ? കർത്താവ് ശിഷ്യന്മാരോടു ചോദിക്കുന്നു. ശിഷ്യന്മാരുടെ തെരഞ്ഞെടുപ്പാണ് ഈ യാത്രയുടെ ഗതി നിർണ്ണയിക്കുന്നത്. മാമോൻ എന്ന വാക്ക് പുതിയ നിയമത്തിൽ കർത്താവിന്റെ അധരങ്ങളിൽ നിന്നും മാത്രമേ വന്നിട്ടുള്ളു. ഈ വാക്കിന് സമ്പത്ത്, ഭൗതിക സൗകര്യങ്ങൾ, അന്യായമായി സമ്പാദിക്കുന്ന സ്വത്ത് തുടങ്ങിയ അർത്ഥങ്ങൾ ഉണ്ട്. ദൈവനിഷേധത്തിന്റെയും പാപവഴികളുടെയും പര്യായമായിട്ടാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നത്. ഭൗതിക

സുഖങ്ങളിൽ സുരക്ഷിതത്വം കണ്ടെത്തുന്ന വർക്കുള്ള മുന്നറിയിപ്പും വേദഭാഗത്തുണ്ട്. ദൈവത്തോടും മാമോനോടും ഉള്ള വിധേയത്വം വിശദമാക്കാൻ കർത്താവ് ഉപയോഗിക്കുന്ന വാക്കുകൾ ശ്രദ്ധേയമാണ്; സ്നേഹം, സേവ, പറ്റിച്ചേരൽ. ഈ വാക്കുകൾ നൽകുന്ന അർത്ഥം ഏതെങ്കിലുമൊന്നിനോടുള്ള ബന്ധം വിശദമാക്കുന്നു. 'സ്നേഹ'ത്തിനു നിർവ്യാജ സ്നേഹമെന്നും 'സേവ'യ്ക്ക് വിധേയപ്പെടൽ എന്നും 'പറ്റിചേരൽ' എന്ന വാക്കിനു ഭാര്യാഭർത്തൃ ബന്ധത്തിനു സമാനമായ ഒരു ബന്ധമെന്നും അർത്ഥം. ദൈവത്തോടായാലും ധനത്തോടായാലും ഇതിനു സമാനമായ ഒരു അടുപ്പത്തിലാണ് പ്രവേശിക്കുന്നതെന്ന് കർത്താവ് ഓർപ്പിക്കുന്നു. ധനത്തോടും ദൈവത്തോടും ഒരേ സമയം ബന്ധം സാദ്ധ്യമല്ല എന്ന് കർത്താവ് പറയുന്നു. കാരണം ഇവ വിരുദ്ധ ധ്രുവങ്ങളിലാണ്. ഒന്നിനെ നിരസിച്ചെങ്കിലേ മറ്റേതിനോട് പറ്റിച്ചേരുവാൻ സാധിക്കുകയുള്ളു. അധികമായി ആർജ്ജിക്കുന്നതിലെല്ലാം അനീതിയുടെ അതിപ്രസരവും കാര്യവിചാരകത്വത്തിന്റെ അഭാവവും കാണാം. ഇന്നത്തെ ആത്മീയതയിൽ ദൈവത്തെയും മാമോനേയും സേവിക്കുവാനുള്ള അതിശയകരമായ മെയ്‌വഴക്കം വിശ്വാസികൾ പ്രകടിപ്പിക്കുന്നു.

പര്യാപ്തതയുടെ രഹസ്യം ദൈവമാണെന്ന് മറന്ന മനുഷ്യൻ ആർജ്ജിക്കുവാനുള്ള ത്വരയിൽ ജീവിക്കുന്നു. പുത്തൻ ഉണർവ്വു പ്രസ്ഥാനങ്ങൾ നല്കുന്ന സന്ദേശം ദൈവത്തിൽ കൂടി മാമോനിലേക്ക് എന്നതാണ്. ദൈവത്തോടുകൂടെ ദൈവരാജ്യത്തിലേക്ക് എന്ന സന്ദേശം തിരസ്കൃതമായി കൊണ്ടിരിക്കുന്നു. പര്യാപ്തതയുടെ രഹസ്യമെന്തെന്ന് പൗലോസ് വ്യക്തമാക്കുന്നു. ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ട്. താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്കു അറിയാം... എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിലും മതിയായവനാകുന്നു. (ഫിലിപ്പ്യർ 4:12,13). ഈ പര്യാപ്തതയിൽ ദൈവമുണ്ട്, സഹോദരരുണ്ട്, നാമുമുണ്ട്.



### 2. ആകുലതയുടെ ഉത്തരം ദൈവിക കരുതൽ
### a) സ്രഷ്ടാവിനെ തിരിച്ചറിയുക

25 -ാം വാക്യം ആരംഭിക്കുന്നത് 'അതുകൊണ്ടു' എന്ന വാക്കിലാണ്. ആയതിനാൽ 24 -ാം വാക്യത്തിൽ തുടർച്ചയാണ് 25-ാം വാക്യം. ഒരു പുതിയ ആശയം ആരംഭിക്കുകയല്ല; തുടരുകയാണ്. ഈ ഭാഗത്ത് ഈ വാക്കിന്റെ അർത്ഥം എന്തു നാം തെരഞ്ഞെടുക്കുന്നു എന്നതാണ്. ദൈവത്തെയോ? മാമോനെയോ? ഈ തെരഞ്ഞെടുപ്പിനെ ആശ്രയിച്ചാണ് വിശ്വാസയാത്രയുടെ പുരോഗതി. കർത്താവിനോടുകൂടെയാണ് യാത്ര എങ്കിലും ശിഷ്യന്മാർ ആകുലതയുള്ളവരായിരുന്നു. ഭാവിയെക്കുറിച്ചുള്ള സന്ദേഹങ്ങൾ അവർ മറച്ചുവെച്ചില്ല. ശിമോൻ, പത്രോസ് അവരുടെ പ്രതിനിധിയായ കർത്താവിനോടു ചോദിക്കുന്നു. ഞങ്ങൾക്ക് എന്തുകിട്ടും?. അവരുടെ ആകുലതകളിൽ ആഹാരവും വസ്ത്രവും ആയിരുന്നു പ്രധാനമായും ഉണ്ടായിരുന്നത്. എന്നാൽ കർത്താവിന്റെ ചോദ്യം ജീവനാണോ-ആഹാരമാണോ, ശരീരമാണോ -വസ്ത്രമാണോ വലിയത്?. ആഹാരവും ഉടുപ്പുമാണ് ജീവന്റെയും ശരീരത്തിന്റെയും ആധാരമെന്ന ധാരണ കർത്താവ് തിരുത്തുന്നു. പോഷണവും ധാരണവും അല്ല ദൈവം പകർന്നു തന്ന ജീവനും അതിശയവും ഭയങ്കരവുമായി മെന

ഞ്ഞിരിക്കുന്ന ശരീരവുമാണ് പ്രധാനം എന്ന് കർത്താവ് ഓർമ്മിപ്പിക്കുന്നു. എന്നാലും ഈ കൊച്ചു സമൂഹത്തിന് ആകുലത ദൈനദിന ജീവിത ആവശ്യങ്ങളെക്കുറിച്ചായിരുന്നു. ആർത്തി അല്ല അഷ്ടി ആയിരുന്നു അവരുടെ പ്രശ്നം. ഗാന്ധിജി പറയുന്നു, "സകലർക്കും ജീവിക്കാൻ ആവശ്യമായ വിഭവം ഈ ഭൂമിയിലുണ്ട് എന്നാൽ ഒരാളുടെ പോലും ആർത്തിപൂർത്തീകരിക്കാൻ ഈ സകല വിഭവം കൊണ്ടും സാദ്ധ്യമല്ല." ദൈവീക കരുതൽ എന്ന ദർശനത്തിലേക്ക് കർത്താവ് അവരെ

**പുല്ലിനെയും താമരയെയും ചമയിക്കുന്ന ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യന് ഇതൊക്കെയും ആവശ്യമെന്ന് അറിയുന്നു. സൃഷ്ടിച്ച് പുലർത്തി വിശേഷതയുള്ളവർ എന്നു എണ്ണുന്ന ദൈവം ഉള്ളപ്പോൾ ആകുലചിന്ത തീർത്തും നിരർത്ഥകമാണ്.**

നയിക്കുന്നത് സ്രഷ്ടാവിനെ തിരിച്ചറിഞ്ഞു, ഏതാണ് പ്രധാനം എന്ന് മനസ്സിലാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടാണ്.

**b.പിതാവു പുലർത്തുന്നു.**

ചുറ്റുപാടിനെ നോക്കുവാൻ കർത്താവ് ശിഷ്യന്മാരോടു ആവശ്യപ്പെടുന്നു. പക്ഷികളാണ് കർത്താവിന്റെ ദൃഷ്ടിയിൽ പതിയുന്നത്. വിതയും കൊയ്ത്തും കളപ്പുരയും ഇല്ലാത്ത ജീവികൾ. ഇവിടെ അദ്ധ്വാനിക്കരുത് എന്ന് കർത്താവ് പറയുന്നില്ല. അദ്ധ്വാനമല്ല ഇവിടുത്തെ പ്രതിപാദ്യ വിഷയം . പുലർത്തുന്ന ദൈവമാണ് പ്രധാനം. അദ്ധ്വാനത്തിന് വ്യക്തമായ പ്രധാന്യം തിരുവചനം നൽകുന്നു. കൈകൊണ്ട് അദ്ധ്വാനിക്കുകയും ശുശ്രൂഷ ചെയ്യുകയും ചെയ്ത പൗലോസ് പറയുന്നത് വേലചെയ്യാത്തവൻ തിന്നുകയുമരുത് എന്നാണ്.

എന്നാൽ പറവകളെക്കുറിച്ചു പറയുന്ന ഭാഗത്ത് ഒരു ചോദ്യം ശേഷിക്കുന്നു, കളപ്പുരയിൽ കൂട്ടു വെയ്ക്കുവാൻ ഒരു വിതയും കൊയ്ത്തും ആവശ്യമുണ്ടോ? കളപ്പുരയ്ക്ക് godown എന്നാണല്ലോ ഇംഗ്ലീഷ് പദം. അത് അല്പം അകലത്തിൽ എഴുതി "god own" എന്നാക്കി കൂട്ടി വെയ്ക്കുന്നതിനു പകരം പങ്കുവെയ്ക്കാൻ സാധിക്കുമോ? ശ്രദ്ധേയമായ ചില ചോദ്യങ്ങൾ ഈ ഭാഗത്തുണ്ട്. ഒരാൾക്ക് ഒരു സമയത്ത് ധരിക്കാൻ എത്ര വസ്ത്രം വേണം? ഒരു നേരം എത്ര ഭക്ഷണം കഴിക്കാം? എത്ര ഇടം വേണം ഒന്നു കിടക്കാൻ? ഉത്തരം കണ്ടെത്താൻ ശ്രമിച്ചാൽ കളപ്പുരകൾ കുറയും. പുലർത്തുന്ന ദൈവത്തെ അറിയും.

രണ്ടു കൊച്ചു കിളികൾ സംഭാഷണത്തിലാണ്. ഒന്നു മറ്റേ കിളിയോട് എന്തേ, മനുഷ്യൻ ഇങ്ങനെ പരക്കം പായുന്നു? കിളി ഉത്തരം നൽകി, നമ്മെ സൃഷ്ടിച്ച ദൈവമാണ് അവരെയും സൃഷ്ടിച്ചതെന്ന് അവർ മറന്നു. കർത്താവ് പറയുന്നു സ്രഷ്ടാവിനെ അറിഞ്ഞു കരുതലിൽ ആശ്രയിക്കുക.

**C. വിശേഷതയുള്ളവർ വിലയേറിയവർ**

'അവയേക്കാൾ നിങ്ങൾ വിശേഷതയുള്ളവർ', 'നിങ്ങളെ എത്ര അധികം', എന്നിവ കരുതലിന്റെ രണ്ടു ശബ്ദങ്ങൾ ആണ്. യേശു ശിഷ്യന്മാരെ ധൈര്യപ്പെടുത്തുവനായി ഈ വാക്കുകൾ ഉപയോഗിക്കുന്നു. സൃഷ്ടിയിലെ അവസാന കണ്ണിയാണ് മനുഷ്യൻ എങ്കിലും മനുഷ്യന് സൃഷ്ടിയിൽ അദ്വീതിയ സ്ഥാനമുണ്ട്. 8-ാം സങ്കീർത്തനത്തിൽ ദാവീദ് പറയുന്നു. 'മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന് അവൻ എന്തുമാത്രം? നീ അവനെ ദൈവത്തെക്കാൾ അൽപംമാത്രം താഴ്ത്തി. തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു' കളപ്പുരയില്ലാത്ത, വിതയില്ലാത്ത പറവയെപ്പോറ്റുന്ന ദൈവം തന്റെ മക്കളെയും പോറ്റും. പരാശ്രയം കൂടാതെ ജീവിക്കുവാൻ മനുഷ്യന് സാദ്ധ്യമല്ലെങ്കിലും ഗൃഹവിചാരകത്വം കൊടുത്തു ദൈവം മനുഷ്യനെ പരിഗണിക്കുന്നു. ശിഷ്യന്മാരോടു കർത്താവ് പറയുന്നു. You belong to a previlaged community. ദൈവിക മുൻകരുതലിനകത്ത് നിങ്ങളും ഉണ്ട്.

### d) നിരർത്ഥകമാണ് ആകുലചിന്ത

ജീവന്റെ ദൈർഘ്യമോ ശരീരത്തിന്റെ നീളമോ കൂട്ടുവാൻ ആകുലചിന്തകൊണ്ടും വിചാരപ്പെടുന്നതു കൊണ്ടും സാദ്ധ്യമല്ല. വിചാരപ്പെടരുത് എന്ന് മൂന്നു പ്രാവശ്യം ഈ ഭാഗത്ത് പറയുന്നു. കാരണം അത് നിരർത്ഥകമാണ്. ഗുണപരമായ ജീവിതത്തെ (Qualitative life) നശിപ്പിക്കുവാൻ മാത്രമേ ഇത് പര്യാപ്തമാകുകയുള്ളു. പുല്ലിനെയും താമരയെയും ചമയിക്കുന്ന ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യന് ഇതൊക്കെയും ആവശ്യമെന്ന് അറിയുന്നു. സൃഷ്ടിച്ച് പുലർത്തി വിശേഷതയുള്ളവർ എന്നു എണ്ണുന്ന ദൈവം ഉള്ളപ്പോൾ ആകുലചിന്ത തീർത്തും നിരർത്ഥകമാണ്.

### 3.ആകുലതയിൽ നിന്നുള്ള മോചനം ദൈവരാജ്യ അന്വേഷണത്തിലൂടെ.

രണ്ടു തരത്തിലുള്ള അന്വേഷണം ഈ ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നു. ഒന്ന്, ജാതികളുടെ അന്വേഷണം. രണ്ട്, ശിഷ്യരുടെ അന്വേഷണം. ജാതികൾ എന്ന പദം ശിഷ്യന്മാരെ വേർതിരിച്ചറിയുവാനുള്ള ഒരു പ്രയോഗം മാത്രമാണ്. മറ്റൊരു വ്യത്യാസങ്ങളും ഈ പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നില്ല. ദൈവരാജ്യം എന്ന ലക്ഷ്യം തിരിച്ചറിഞ്ഞവരും ആ ലക്ഷ്യം തിരിച്ചറിയാത്തവരും എന്ന വ്യത്യാസം ആണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ലൂക്കോസ് ജാതികളുടെ അന്വേഷണത്തെ വ്യക്തതയോടെ ചിത്രീകരിച്ചിട്ടുണ്ട്. തിന്നുക, കുടിക്കുക, ആനന്ദിക്കുക. മത്തായി അൽപം വ്യത്യാസത്തോടെ ചിത്രീകരിക്കുന്നു. വസ്ത്രവും ആഹാരവും ആണ് അവരുടെ അന്വേഷണ വിഷയങ്ങൾ. എന്നാൽ ശിഷ്യന്മാരുടെ അന്വേഷണം ദൈവരാജ്യവും അതിന്റെ നീതിയുമാണ്. പൗലോസ് അപ്പോസ്തലൻ ദൈവരാജ്യത്തെക്കുറിച്ചു പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ്, ദൈവരാജ്യം ഭക്ഷണവും പാനീയവുമത്രേ. ദൈവരാജ്യ അന്വേഷണത്തിൽ കൂടി ഇതൊക്കെയും നിങ്ങൾക്കു കിട്ടുമെന്നു കർത്താവ് വാഗ്ദാനം നൽകുന്ന നീതി, സമാധാനം, സന്തോഷം എന്നിവ ദൈവരാജ്യത്തിന്റെ അന്വേഷണത്തിൽ കൂടി ലഭ്യമാകുന്നു. ആദ്യം ദൈവമാകട്ടെ നിങ്ങളുടെ അന്വേഷണ വിഷയം എന്നു കർത്താവ് ശിഷ്യന്മാരോട് പറയുന്നു.

### 4. ഇന്നു ജീവിക്കുക.

അതു കൊണ്ട് നാളെയ്ക്കായി വിചാരപ്പെടരുത്. ദൈവം മനുഷ്യനു ജീവിക്കുവാൻ തന്നിരിക്കുന്ന ഏകദിവസം ഇന്ന് ആണ്. ഭൂതകാലത്തിനും ഭാവികാലത്തിനും അതിന്റേതായ പ്രസക്തിയുണ്ട്. അത് വർത്തമാനകാലത്തെ സ്വാധീനിക്കുകയും ചെയ്യും. എന്നാൽ മനുഷ്യന് ദൈവം ജീവിക്കുവാൻ തന്നിരിക്കുന്നത് ഇന്നു മാത്രമാണ്. മന്നായുടെ ദൈവശാസ്ത്രം അതാണ് നമ്മെ ഓർപ്പിക്കുന്നത്. ഒരു ദിവസത്തേയ്ക്കു ഒരിടങ്ങഴി കരുതിവെച്ചത് നശിച്ചു പോയി. കരുതി വെയ്ക്കുമ്പോൾ കരുതുന്നവനായ ദൈവത്തിലുള്ള വിശ്വാസം കുറയുന്നു.

ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്കു തരേണമേ എന്നത് കർത്താവ് തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയാണ്. പൗലോസ് അപ്പോസ്തലൻ കുറെകൂടി വ്യക്തതയോടെ പറയുന്നു, 'ഇപ്പോൾ ആകുന്നു സുപ്രസാദകാലം, ഇപ്പോൾ ആകുന്നു രക്ഷാ ദിവസം' (2 കൊരി. 6:2). ഇന്ന് എന്നതിൽ നിന്നു ഇപ്പോളിലേക്ക് ഒരു മാറ്റം (Today to now). ഇപ്പോൾ ജീവിക്കുന്നവനേ ഇന്നു ജീവിക്കുവാൻ കഴികയുള്ളു. ഇന്നു ജീവിക്കുന്നവനേ ഭാവിയെക്കുറിച്ച് ആകുലപ്പെടാതിരിക്കാൻ കഴികയുള്ളു.

**ഒരു പാദം വെയ്ക്കാനുള്ള വെളിച്ചം ദൈവം വാഗ്ദത്തം ചെയ്യുന്നു. അതു മാത്രമേ ആവശ്യമുള്ളു. നാളത്തെ ദിവസം ദൈവകരങ്ങളിൽ ആണ് എന്ന് വിശ്വസിച്ചാൽ ആകുലതയിൽ നിന്നും ആശ്വാസം ലഭിക്കും. അതിനുള്ള വിവേകത്തിനായി പ്രാർത്ഥിക്കാം.**

കാർഡിനൽ ജെ.എച്ച്. ന്യൂമാൻ പറയുന്നു 'കാക്കുകെൻ പാദം, ചോദിക്കുന്നില്ലേ ദൂരെ കാൺമാൻ, ഒരടി പോരുമേ' ഒരു പാദം വെയ്ക്കാനുള്ള വെളിച്ചം ദൈവം വാഗ്ദത്തം ചെയ്യുന്നു. അതു മാത്രമേ ആവശ്യമുള്ളു. നാളത്തെ ദിവസം ദൈവകരങ്ങളിൽ ആണ് എന്ന് വിശ്വസിച്ചാൽ ആകുലതയിൽ നിന്നും ആശ്വാസം ലഭിക്കും. അതിനുള്ള വിവേകത്തിനായി പ്രാർത്ഥിക്കാം. ഇന്നലെയുടെ അനുഭവങ്ങളും നാളെയുടെ സാദ്ധ്യതകളും മനസ്സിലാക്കി ഇന്നു അദ്ധ്വാനിക്കുക.

16-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വെനീഷ്യൻ ചിത്രകാരനായ റ്റിറ്റിയൻ വിവേകത്തെ (prudence) മൂന്നു തലയുള്ള ഒരു മനുഷ്യനായി ചിത്രീകരിച്ചിരിക്കുന്നു. അതിൽ ഒന്നു യൗവ്വനയുക്തമാണ്, അത് ഭാവിയിലേക്ക് നോക്കുന്നു. മറ്റൊന്ന് തീർത്തും പക്വതയാർന്നതാണ്. അത് വർത്തമാനകാലത്തെ പ്രതിനിധീകരിക്കുന്നു. മൂന്നാമത്തേത് അനുഭവജ്ഞാനമുള്ള വൃദ്ധന്റേതാണ്. അത് ഭൂതകാലത്തെക്കുറിക്കുന്നു. അതിനുശേഷം ചിത്രകാരൻ ഇങ്ങനെ എഴുതി. "From the examples of the past, the man of the present acts prudently so as not to imperil the futrue" ഒരു പുതുവർഷത്തിൽ പ്രവേശിക്കുമ്പോൾ ജീവിതത്തിൽ പ്രഥമസ്ഥാനം ദൈവത്തിനാകട്ടെ. കരുതലിന്റെയും സ്നേഹത്തിന്റെ കരസ്പർശം പുതിയ വർഷത്തിൽ ദൈവത്തിൽ നിന്നു പ്രാപിക്കാം. ഇന്ന് വിവേകത്തോടെ ജീവിച്ചു ദൈവരാജ്യ അന്വേഷകരായി മാറാൻ ഇടയാകട്ടെ.

# കത്തുകൾ

ഹെർമ്മോൻ ദൂതൻ ത്രൈമാസിക പുതിയ രൂപത്തിലും ഭാവത്തിലും ആകർഷകമായിരിക്കുന്നു. അണിയറ ശില്പികൾക്ക് അഭിനന്ദനങ്ങൾ. ഭദ്രാസന വാർത്തകൾ അറിയുന്നതിനു മാത്രമല്ല, മികച്ച ഒരു വായനാനുഭവം നൽകുന്നതിനുകൂടി ശ്രദ്ധിച്ചിരിക്കുന്നു.

മികച്ച എഡിറ്റോറിയൽ മാസികയുടെ ഉൾക്കനം വെളിപ്പെടുത്തുന്നതാണ്. ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങൾ ഹെർമ്മോൻ ദൂതൻ ചർച്ചചെയ്യുന്നുവെന്നത് പ്രശംസനീയമാണ്. കഴിഞ്ഞ ലക്കത്തിൽ കുടുംബ ബന്ധങ്ങളുടെ വിവധ വശങ്ങൾ പ്രതിപാദിച്ച ലേഖനങ്ങൾ ഉൾപ്പെടുത്തിയതിന് അഭിനന്ദനങ്ങൾ. വനിതകളുടെയും കുഞ്ഞുങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെ പേരിൽ കുടുംബങ്ങളെ ഇല്ലായ്മചെയ്യുന്ന 'ബില്ലി' നോടുള്ള പ്രതികരണം ചിന്തിപ്പിക്കുന്നതായിരുന്നു. സണ്ടേസ്കൂൾ അഭ്യസനം ആധുനിക സാഹചര്യങ്ങളിൽ എങ്ങനെ ആയിരിക്കണമെന്ന് 'ബോധന'ത്തിലൂടെ റവ. നൈനു ചാണ്ടി അച്ചൻ ഓർമ്മപ്പെടുത്തിയത് ഉചിതമായി. സണ്ടെസ്കൂൾ പ്രവർത്തനം ഒരു പരിധി വരെയെങ്കിലും യാന്ത്രികമായി തീർന്നിരിക്കുന്നു എന്നുള്ളത് സത്യം. സണ്ടേസ്കൂളിനോട്, കുഞ്ഞുങ്ങളും ഒപ്പം മാതാപിതാക്കളും എത്രമാത്രം താൽപര്യം പ്രകടിപ്പിക്കുന്നു എന്നത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. 'നൈൽ നദിയിലെ ഞാങ്ങണപ്പെട്ടകം' എന്ന ധ്യാനം, ദൈവദാനമായ മക്കളെ എത്ര ജാഗ്രതയോടെ വളർത്തേണ്ടതാണ് എന്ന് ഓർമ്മിപ്പിക്കുന്നതായിരുന്നു. ഇത്തരം ധ്യാനങ്ങൾ ഇനിയും പ്രസിദ്ധീകരിക്കാൻ താൽപര്യപ്പെടുന്നു. നാം അറിയേണ്ട സ്ഥാപനങ്ങൾ പരിചയപ്പെടുത്തുമ്പോൾ അഡ്രസ്സ് നൽകുകയും, സ്റ്റാഫിനെ പരിചയപ്പെടുത്തുകയും ചെയ്യുന്നത് നല്ലതാണ്. സഭാപാരമ്പര്യങ്ങൾ വിശദമാക്കുന്ന ഒരു തുടർപംക്തി തുടങ്ങിയാൽ നന്നായിരുന്നു. മികച്ച പ്രിന്റിങ്ങിനൊപ്പം സ്ഥലം ഒട്ടും നഷ്ടപ്പെടുത്താതെ പേജ് ക്രമീകരിച്ചതിൽ അഭിനന്ദനങ്ങൾ. ഹെർമ്മോൻ ദൂതന്റെ ശബ്ദം ഉയരട്ടെ! ആശംസകൾ.

**ബിനു. റ്റി. ബാബു, വെസ്റ്റ് കല്ലട.**

ഹെർമ്മോൻ ദൂതന്റെ അവതരണത്തിലും രൂപത്തിലും വന്ന മാറ്റങ്ങൾ ശ്രദ്ധേയമാണ്. കിഡ്സ്കോർണർ, പ്രശ്നോത്തരി ഇവയും പ്രയോജന പ്രദമാണ്. പ്രാർത്ഥനാ യോഗങ്ങളിൽ ഉപയോഗിക്കാൻ സൗകര്യ പ്രദമായ വിധം ചെറുപ്രസംഗങ്ങൾ ചേർക്കുന്നതും നല്ലതാണ്. അണിയറ പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ.

**ജോൺ തോമസ്**, എലിക്കാട്ടൂർ

# വിശുദ്ധ ത്രിത്വം

റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പ

**അ**ടിസ്ഥാനക്രിസ്തീയ വിശ്വാസത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസം. ദൈവത്തെക്കുറിച്ച് നമുക്ക് സങ്കൽപ്പിക്കാൻ മാത്രമേ കഴിയുമായിരുന്നുള്ളൂ. ഭയത്തിൽ നിന്നും അത്ഭുതങ്ങളിൽ നിന്നുമാണ് ദൈവസങ്കൽപ്പം പുറത്തുവന്നത്. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല ദൈവത്തെ കാണുന്നനാളിൽ നീ മരിക്കും, എന്നീ ചിന്തകൾ അതിനോട് ചേർത്താണ് വായിക്കേണ്ടത്. അൽപ നാളിലേക്ക് ഈ മണ്ണിലേക്ക് ജനിപ്പിക്കപ്പെടുന്ന മനുഷ്യൻ അവന്റെ സ്വന്ത ബുദ്ധിയിൽ ചാലിച്ചുണ്ടാക്കുന്ന ദൈവബോധം അവനെപ്പോലെ ക്ഷണഭംഗുരമാണ്. ദൈവ സങ്കൽപ്പത്തിന് ഓജസ്സും വ്യക്തിത്വവും നൽകിയതാ ണ് യേശുക്രിസ്തു. യേശു പറയുന്നു ഞാനും പിതാവും ഒന്നാണ്. തന്റെ ഇഹലോകജീവിതാവസാനത്തിങ്കൽ യേശു പറഞ്ഞു, 'കുറഞ്ഞോന്നു കഴിഞ്ഞിട്ട് നിങ്ങൾ എന്നെ കാണുകയില്ല. ഞാൻ പോയാൽ നിങ്ങൾക്ക് ഒരു കാര്യസ്ഥനെപിതാവ് അയച്ചുതരും'. ദൈവമെന്ന സത്യത്തെ മനസ്സിലാക്കണമെങ്കിൽ ദൈവം കനിഞ്ഞെങ്കിൽ മാത്രമേ സാധ്യമാകയുള്ളൂ. ദൈവം ഒരു കൂട്ടായ്മയാണന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. പരിശുദ്ധ ത്രിത്വം എന്ന് അതിനു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു.

പിതാവ്+ പുത്രൻ+ വിശുദ്ധാത്മാവ്= ദൈവം. അതേ സമയം 'ദൈവം ദൈവമാകുന്നു' 'പിതാവ് ദൈവമാകുന്നു' 'പുത്രൻ ദൈവമാകുന്നു' 'വിശുദ്ധാത്മാവ് ദൈവമാകുന്നു'. ദൈവം തന്നെത്തന്നെ ലോകത്തിനു വെളിപ്പെടുത്തിയത് ഈ മൂന്നു വിധത്തിലാകയാലാണ് സഭ സ്വഷ്ടിതാവാം ദൈവത്തേയും രക്ഷനാം ദൈവത്തേയും വീണ്ടെടുക്കുന്ന ദൈവത്തേയും ഒരു കൂട്ടായ്മയായി കണക്കാക്കുന്നത്. ഈ കൂട്ടായ്മ എവിടെ പ്രവർത്തിക്കുന്നുവോ അത് അവർ ഒന്നു ചേർന്നാണ്.

വെളിപ്പാട് പുസ്തകത്തിൽ ലോക സ്ഥാപനത്തിനു മുമ്പേ അറുക്കപ്പെട്ട ദൈവത്തിന്റെ കുഞ്ഞാട് എന്നും, ഉൽപത്തി പുസ്തകത്തിൽ വെള്ളത്തിന്മീതേ പരിവർത്തിച്ചുകൊണ്ടിരുന്ന ദൈവത്തിന്റെ ആത്മാവ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

പെന്തെക്കുസ്തി പെരുനാളിന്റെ പ്രൊമ്യോൻ പ്രാർത്ഥന ഇങ്ങനെയാണ്. "മാനുഷികമായ സകല വിചാരങ്ങളിൽ നിന്നും ബോധങ്ങളിൽ നിന്നും അകന്നും മറഞ്ഞും ഇരിക്കുന്ന അദൃശ്യനും സ്വയംഭൂവായവനും ശക്തിയുടെയും സ്നേഹത്തിന്റെയും നന്മയുടെയും പൂർണ്ണതയുള്ളവനുമായ തനിക്കു സ്തുതി. കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തെയും നിർമ്മിച്ചവനും ക്രമീകരിക്കുന്നവനും താനാകുന്നു. താൻ ആരംഭില്ലാത്തവനും അവസാനമില്ലാത്തവനുമായ നിത്യനും അതിർത്തി നിർണ്ണയിക്കപ്പെടാവതല്ലാത്തവനുമാകുന്നു. പിതാവും പുത്രനും വിശുദ്ധറൂഹായുമായ ഏക സ്വഭാവവും ഏക അധികാരവും ഏക ഇഷ്ടവുമായിരിക്കുന്ന സത്യൈക ദൈവവും താനാകുന്നു. തന്നിൽ ക്നുമാ കൂടാതെ നാമമില്ല *ക്നുമാ തമ്മിൽ പ്രായവ്യത്യാസമോ, വലിപ്പച്ചെറുപ്പമോ ഇല്ല. പിതാവെന്നു പറയുന്നെങ്കിൽ, പുത്രനും റൂഹായും തന്നിൽ നിന്നാകുന്നു. പുത്രനെന്നു പറയുന്നെങ്കിൽ പിതാവും റൂഹായും അവനാൽ അറിയപ്പെടുന്നു. റൂഹായെന്നു പറയുന്നെങ്കിൽ പിതാവും പുത്രനും അവനിൽ പൂർണ്ണമായിരിക്കുന്നു. പിതാവു ജനകനാകുന്നു. പുത്രൻ ജനിച്ചവനാകുന്നു. പരിശുദ്ധറൂഹാ പിതാവിൽ നിന്നും പുറപ്പെടുന്നവനും പുത്രനിൽ നിന്നു എടുക്കപ്പെടുന്നവനും ആകുന്നു. താൻ സാരാംശത്തിൽ തന്റെ പിതാവിനോടു സമനാകുന്നു. പിതാവും പുത്രനും പരിശുദ്ധറൂഹായുമെന്ന പൂർണ്ണമുള്ള ത്രിത്വവും, ത്രിത്വത്തിൽ പ്രഥമനുമാകുന്ന പിതാവാം ദൈവത്തിനു പെന്തിക്കുസ്തിയുടെ ഓർമ്മയെ കൊണ്ടാടുന്ന ഈ സമയത്തും നമ്മുടെ ആയുഷ്കാലമൊക്കെയും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റിക്കൊള്ളുന്നു."

ത്രിത്വോപദേശം ലോക സഭക്ക് നൽകിയത് അന്ത്യോക്യയിലെ സഭയാണ്. യേശുവും പരിശുദ്ധാത്മാവും ദൈവീക സത്തയിൽ ഒരു പടി കുറവുള്ളവരാണെന്ന പഠിപ്പിക്കക്ക് എതിരായി, യേശു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാകുന്നു എന്ന് സഭയെ ഉറപ്പിക്കുന്നതിനും ബലപ്പെടുത്തുന്നതിനും ആദ്യനൂറ്റാണ്ടിലെ സഭാപിതാക്കന്മാർക്ക് ഏറെ പ്രയത്നം ചെയ്യേണ്ടി വന്നു. നമ്മുടെ പ്രാർത്ഥനാ ക്രമങ്ങളെല്ലാം കൂടെക്കൂടെ ഈ ത്രിത്വസ്തുതി നിർവ്വഹിക്കുന്നത് അതുകൊണ്ടാണ്. ത്രിത്വോപദേശം സഭയുടെ അടിസ്ഥാനവും ബലവും കോട്ടയുമായിരിക്കുന്നു.

# ചെങ്കോട്ട മിഷൻ സെന്റർ

## ഹ്രസ്വ ചരിത്രം

*ഭാഷയുടെ അതിർവരമ്പുകൾ കടക്കുന്ന ദൈവ വചനഘോഷണത്തെ ഹൃദയം കൊണ്ടേറ്റുവാങ്ങുന്നവർ ഇനിയും കാത്തിരിക്കുന്നു. വചനമെന്ന മായമില്ലാത്ത പാൽ കുടിക്കാൻ കൊതിക്കുന്നവർക്കു മുമ്പിൽ നമുക്ക് അടങ്ങിയിരിക്കാനാകുമോ? മുൻ തലമുറകൾ വിത്തെറിഞ്ഞ് വിളയിച്ച ചെങ്കോട്ട മിഷൻഫീൻഡിന്റെ ചരിത്രം ദീർഘകാലം മിഷൻപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ മിഷനറി വൈദികൻ റവ. സാം. തോമസ് പങ്കുവയ്ക്കുന്നു.*

**ചെ**ങ്കോട്ട-അടൂർ ഭദ്രാസന പരിധിയിൽ കേരളത്തോടു ചേർന്നു കിടക്കുന്ന കേരളത്തോളം പ്രകൃതി രമണീയത നിറഞ്ഞ തമിഴ് ഭൂപ്രദേശം. 1956 വരെ തിരുകൊച്ചി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന ഈ പ്രദേശം, ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന ക്രമീകരണം നടന്നപ്പോൾ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായി മാറി. 1940കളിൽ കേരളത്തിൽ നിന്നും മദ്രാസിലേക്കുള്ള തീവണ്ടിപ്പാത ചെങ്കോട്ട വഴി മാത്രമായിരുന്നു. ചരിത്രപ്രധാന്യമുള്ള ഈ റയിൽവേ സ്റ്റേഷനു സമീപത്തായി റയിൽപ്പാതയോടു ചേർന്നു സ്ഥിതി ചെയ്യുന്ന, സഭയുടെ ഒരു മിഷൻ കേന്ദ്രമാണ് ചെങ്കോട്ട.

**പ്രാരംഭം.**

മലയാളികളായ ധാരാളം റയിൽവേ ജീവനക്കാരും മറ്റു ജീവനോപധികൾ സ്വീകരിച്ചവരും കുടുംബമായി ഇവിടെ പാർത്തിരുന്നു. ഭാഗ്യസ്മരണീയനായ ഡോക്ടർ ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി ഈ പ്രദേശത്തിന്റെ സാധ്യതയെ മനസ്സിലാക്കി സുവിശേഷപ്രവർത്തനങ്ങൾക്കു ചെങ്കോട്ടയിൽ ഒരു കേന്ദ്രം ആരംഭിക്കണമെന്നു താല്പര്യപ്പെടുകയും,1950-കളിൽ ഇവിടെ ആ വിധത്തിലുള്ള പ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കുകയും ചെയ്തു. അക്കാലത്തെ സന്നദ്ധസുവിശേഷക സംഘത്തിന്റെ സെക്രട്ടറിയായിരുന്ന ബഹു. റ്റി. സി. ജോർജ്ജ് അച്ചന്റെ ശ്രമഫലത്താൽ 1955ൽ 15 സെന്റ് വസ്തുവാങ്ങി ഒരു ചെറിയ ആരാധനാലയത്തിനായി ശ്രമിച്ചു. തുടർന്നു പ്രദേശവാസികളുടെ സഹകരണത്തോടെ പത്തനാപുരം സെന്ററിലെ സന്നദ്ധ സുവിശേഷക സംഘം പ്രവർത്തകർ ചെങ്കോട്ടയിൽ താമസിച്ചുകൊണ്ട് ഗ്രാമങ്ങൾ സന്ദർശിച്ച് സുവിശേഷ പ്രവർത്തനങ്ങൾ ചെയ്തുപോന്നു. തുടർന്നു ഭദ്രാസനം സുവിശേഷകരെ ഇവിടേക്കു അയച്ചു പ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്തി. അന്നൊക്കെ സുവിശേഷകർ വിശ്വാസികളുടെ വീടുകളിൽ താമസിച്ചുകൊണ്ടായിരുന്നു പ്രവർത്തിച്ചിരുന്നത്. കുണ്ടറ വല്ല്യച്ചൻ, പുനലൂർ കെ.ജി. ഉമ്മൻ അച്ചൻ, പുനലൂർ ഫിലിപ്പ് സാർ, മൈലാടുംപാറ മത്തായിച്ചൻ തുടങ്ങിയവർ 'തമിഴ്നാട് സുവിശേഷവേല' എന്ന പേരിൽ വളർച്ചക്കു ആവശ്യമായ പ്രവർത്തനങ്ങൾ നടത്തിയവരിൽ ചിലരാണ്.



മിഷിനറി റവ.ജോൺ പി. ചാക്കോയും ബസ്ക്യാമയും

**ആരാധനാലയം**

1955 ൽ വാങ്ങിയ വസ്തുവിൽ ചെറിയൊരു ആലയം പണികഴിപ്പിച്ചു. ശ്രീ. എൻ.കെ. തോമസ് ആദ്യകാല സുവിശേഷകരിൽ ഒരാളായിരുന്നു. തുടർന്നു സഭയുടെ ക്രമീകരണമനുസരിച്ചു തിരുവനന്തപുരം കൊല്ലം ഭദ്രാസനത്തിന്റെ ചുമതലയിലേക്കു ഈ കേന്ദ്രം മാറി.

**നഴ്സറി സ്കൂൾ**

മിഷൻ കേന്ദ്രത്തിന്റെ സമീപത്തുള്ള നിർധനരായ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യം വച്ചു കൊണ്ട് ഒരു ഇംഗ്ലീഷ് നഴ്സറി സ്കൂൾ 1991 മുതൽ ഭംഗിയായി പ്രവർത്തിക്കുന്നു. കഴിഞ്ഞ വർഷം 35 കുട്ടികൾക്കു അറിവിന്റെ നൽവെളിച്ചം പകർന്നു കൊടുക്കുവാൻ സാധിച്ചു. മിഷൻ സെന്ററിനുവേണ്ടി 1992 ൽ ഇരുപത്തിനാലര സെന്റ് വസ്തു ചെങ്കോട്ട റൗണിൽ സെമിത്തേരിക്കായി വാങ്ങിച്ചു.

ആദ്യകാലങ്ങളിൽ വാടകവീടുകളിൽ താമസിച്ചുകൊണ്ടായിരുന്നു സുവിശേഷകർ പ്രവർത്തിച്ചിരുന്നത്. റവ. കെ.ഒ. മാത്യു അച്ചന്റെ പരിശ്രമത്താൽ സുവിശേഷകർക്കു താമസിക്കുന്നതിനു ആരാധനാലയത്തോടു ചേർന്നു ഒരു വസതി നിർമ്മിച്ചു. ഭദ്രാസന എപ്പിസ്കോപ്പ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തിയോഡോഷ്യസ് തിരുമേനിയുടെ ആലോചന പ്രകാരം 1997 ൽ സെന്ററിനോടു ചേർന്നുകിടന്ന 57 സെന്റ് വസ്തു കൂടെ വാങ്ങുകയുണ്ടായി.

നിർധനരായ തമിഴ് പെൺകുട്ടികളെ താമസിപ്പിച്ചു പത്താം ക്ലാസ്സുവരെ പഠിപ്പിക്കുന്നതിനുവേണ്ടി 2003 ൽ വിദ്യാഭ്യാസ കരുതൽ പദ്ധതി ആരംഭിച്ചു. ഇതിലേക്കായി സുവിശേഷകരുടെ വസതിക്കു മുകളിലായി 10 പെൺകുട്ടികൾക്കു താമസ സൗകര്യത്തോടുകൂടിയുള്ള ഹോസ്റ്റൽ പണികഴിപ്പിച്ചു.

**മിഷൻ ഹൗസ്**

മിഷനറി അച്ചൻമാർക്കു താമസിച്ചു പ്രവർത്തിക്കുവാൻ വേണ്ടി ദീർഘകാലം ചെങ്കോട്ട മിഷണറിയായി പ്രവർത്തിച്ച റവ. കെ. ഒ. മാത്യു അച്ചന്റെ സ്മരണക്കായി 2004 -ൽ അച്ചന്റെ കുടുംബത്തിന്റെ സഹായത്തോടെ ഭദ്രാസന തിരുമേനി മിഷൻ ഹൗസ് പണികഴിപ്പിച്ചു.

**ദൈവാലയ പുനരുദ്ധാരണം**

50 വർഷം പഴക്കം ചെന്ന പള്ളിക്കെട്ടിടത്തിന്റെ ശോച്യാവസ്ഥയ്ക്കു പരിഹാരമായി മെത്രാപ്പോലീത്തായുടെ അനുഗ്രഹാശിസ്സുകളോടും ഭദ്രാസന തിരുമേനിയുടെ നിർദ്ദേശത്തോടും പല ഇടവകകളുടെയും അഭ്യുദയകാംഷികളുടെയും സഹായത്തോടും മാർത്തോമ്മ സഭയുടെ തനിമയും പൈതൃകവും നിലനിർത്തിക്കൊണ്ടു കാലോചിതമായ രൂപകല്പനയിലും പ്രൗഡിയിലുമുള്ള ഒരു ദേവാലയം പണികഴിപ്പിച്ചു. പാരീഷ് ഹാളിൽ പ്രവർത്തിച്ചിരുന്ന നഴ്സറി സ്കൂളിനും ആവശ്യമായ പുനരുദ്ധാരണ പണികൾ നടത്തുകയും സൗകര്യപ്രദമായി നഴ്സറി സ്കൂൾ നടത്തുന്നതിന് ക്രമീകരണം ചെയ്യുകയും ചെയ്തു.

**സാധ്യതകൾ / ആവശ്യങ്ങൾ**

ചെങ്കോട്ടയോടു ചേർന്നു കിടക്കുന്ന വിനോദ തീർത്ഥാടന കേന്ദ്രങ്ങളാണ് കുറ്റാലം, പഴയ കുറ്റാലം, പാലരുവി, അച്ചൻകോവിൽ, കുംഭവുരുട്ടി തുടങ്ങിയ സ്ഥലങ്ങൾ. ഇവിടങ്ങളിൽ ദിവസേന ആയിരക്കണക്കിനു സഞ്ചാരികൾ വന്നു പോകുന്നു. കൂടാതെ ചെങ്കോട്ട റയിൽവേ സ്റ്റേഷൻ വികസനത്തിന്റെ പാതയിലാണ്. ഈ വികസന സാധ്യതകൾ കണക്കിലെടുത്താൽ മിഷൻ സെന്ററിനോടു ചേർന്നു കുറഞ്ഞത് 100 പേർക്ക് താമസയോഗ്യമായ ഒരു റിട്രീറ്റു സെന്റർ പണികഴിപ്പിക്കുന്നത് ഈ മിഷൻ കേന്ദ്രത്തിന്റെ ഭാവി വികസനത്തിന് ഏറെ ഗുണകരമായി ഭവിക്കും. ആ വിധത്തിൽ ഒരു പ്ലാനിംഗ് അനിവാര്യമാണ്.

മിഷൻ കേന്ദ്രത്തിലേക്ക് ഇപ്പോഴുള്ള വഴി റയിൽവേ വക സ്ഥലത്തുകൂടെയാണ്. റയിൽവേയുടെ നിരോധനം ഉണ്ടായാൽ മിഷൻ സെന്ററിലേക്കുള്ള പ്രവേശനം അസാദ്ധ്യമാകും. ആകയാൽ വഴിയുടെ പരമമായ ആവശ്യം പരിഗണിച്ചു നടപടി ഉണ്ടാകണം. ദൈവത്തിന്റെ മാറ്റമില്ലാത്ത വചനം ജനഹൃദയങ്ങളിലേക്കെത്തിക്കുവാൻ സമർപ്പണമുള്ള ദൈവവേലക്കാർ ഇനിയും ഉണ്ടാകണം. ഒപ്പം പ്രാർത്ഥനയുടെ പിൻബലം നൽകുന്ന വിശ്വാസ സമൂഹവും.

# പരീക്ഷ- മാർഗ്ഗ നിർദ്ദേശങ്ങൾ



*മാതാപിതാക്കളും വിദ്യാർത്ഥികളും അറിഞ്ഞിരിക്കേണ്ട പരീക്ഷാ മുന്നൊരുക്കങ്ങൾ പങ്കുവയ്ക്കുകയാണ് തേക്കുതോട് ഗവ. ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പലായ ശ്രീ. തോമസ് ജോർജ്ജ്.*

എസ്. എസ്.എൽ.സി, ഹയർ സെക്കന്ററി പരീക്ഷകൾ മാർച്ച് 2-ാം വാരത്തിൽ ആരംഭിക്കുകയാണ്. ഏതു ശ്രമവും വിജയിക്കാൻ ഉന്നത ലക്ഷ്യബോധം, സമർത്ഥമായ നിർവ്വഹണം, സമർപ്പണബുദ്ധി, തെറ്റുകളിൽ നിന്നും ശരി പഠിക്കാനുള്ള സന്നദ്ധത, സർവ്വോപരി ഈശ്വരകൃപയും അനിവാര്യമാണ്. എസ്. എസ്. എൽ. സി പരീക്ഷയും ഹയർസെക്കന്ററി-സയൻസ്, ഹ്യുമാനിറ്റീസ്, കോമേഴ്സ് വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ട ചില പരീക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

ജനുവരി മാസത്തിൽ തന്നെ project, seminar, assignment തുടങ്ങി continuous evaluationനു വേണ്ട എല്ലാ രേഖകളും അധ്യാപകർ നിർദ്ദേശിക്കുന്ന സമയത്ത് ഹാജരാക്കുന്നത് maximum Score ലഭിക്കുന്നതിന് സഹായിക്കും

എസ്. എസ്. എൽ. സി-ഐ. റ്റി. പരീക്ഷ, ഹയർ സെക്കന്ററി-പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 2-ാം വാരത്തിൽ ആരംഭിക്കും. ജനുവരി 15 ന് ശേഷം പ്രാക്ടിക്കൽ എക്സാമിനേഷനുവേണ്ടി കൂടുതലായി തയ്യാറാവുക. എസ്. എസ്. എൽ. സി, ഐ. റ്റി പരീക്ഷയ്ക്കുവേണ്ടി വിദ്യാർത്ഥികൾ, ഐ. റ്റി അദ്ധ്യാപകൻ ചെയ്യിച്ചിട്ടുള്ള പ്രാക്ടിക്കൽസ് പല തവണ പ്രാക്ടീസ് ചെയ്ത്, കൃത്യസമയത്തു ചെയ്തു തീർക്കുന്നതിനുള്ള പ്രാവീണ്യം നേടണം. സമയം വളരെ പ്രധാനമാണ്.

ഹയർ സെക്കന്ററി വിദ്യാർത്ഥികൾ ഓരോ വിഷയത്തിന്റേയും പ്രാക്ടിക്കലിനുള്ള tabulations, equations, graphs തുടങ്ങിയവയുടെ സംക്ഷിപ്ത രൂപമുണ്ടാക്കി ഇടയ്ക്കിടെ revision നടത്തിയാൽ പ്രക്ടിക്കൽ എക്സാം ഹാളിൽ ഒരു പ്രയാസവും ഉണ്ടാകില്ല. അനുവദിച്ചിട്ടുള്ള സമയത്തുതന്നെ പ്രാക്ടിക്കൽസ് ചെയ്തു തീർക്കുന്നത് maximum Score ലഭിക്കുന്നതിന് സഹായിക്കും. പ്രാക്ടിക്കൽ എക്സാമിന് improvement Chance ഇല്ല എന്നോർക്കണം.

Theory പഠനത്തിലും പല ക്രമീകരണങ്ങൾ നടത്തി പഠനം മെച്ചമാക്കുവാൻ സാധിക്കും. അവരവരുടെ വിഷയങ്ങളെ പ്രയാസമുള്ളവ, അല്ലാത്തവ എന്നു രണ്ടായി തിരിക്കുക. പ്രയാസമുള്ള വിഷയങ്ങൾ പഠിക്കുന്നതിന് കൂടുതൽ സമയം എടുക്കുക.


സ്കൂളിൽ നിന്നും വീട്ടിലെത്തിയാൽ അൽപസമയം വിശ്രമവും മാതാപിതാക്കളോടും സഹോദരങ്ങളോടുമൊപ്പം കുറെ സമയം കളിതമാശകളും, കുളിയും കഴിഞ്ഞ് 6.30 മുതൽ പഠനം നിർബന്ധമായും ആരംഭിക്കണം. പഠനം താഴെ പറയുന്ന രീതിയിൽ ക്രമീകരിക്കണം.

1. ഏത് വിഷയമാണ് ആദ്യം പഠിക്കേണ്ടത് എന്ന് തീരുമാനിക്കുക.
2. എളുപ്പമുള്ള വിഷയം ആദ്യം പഠിക്കാൻ ശ്രദ്ധിക്കുക. ഇത് തുടർന്നുള്ള പഠനത്തിന് താൽപുര്യം സൃഷ്ടിക്കും.
3. താൽപര്യത്തോടെ പഠിക്കുക.
4. ഓരോ ഭാഗങ്ങളായി പഠിക്കുക
5. പഠിക്കുന്ന കാര്യങ്ങൾ Picturise ചെയ്യുന്നത് ഓർമ്മിക്കാൻ എളുപ്പമാണ്.
6. ഇഷ്ടമില്ലാത്ത വിഷയത്തിന് കൂടുതൽ സമയം കൊടുക്കണം.
7. ഭക്ഷണ ക്രമീകരണം ഉണ്ടായിരിക്കണം.

രാത്രി പഠനം എത്ര സമയം വരെ വേണമെന്ന് അവരവർ തീരുമാനിക്കുക. വെളുപ്പിന് 4.30 മുതൽ പഠിക്കുന്നത് കൂടുതൽ അഭികാമ്യമാണ്. ഏതു സമയം തെരഞ്ഞെടുത്താലും തീരുമാനിച്ചുറച്ച പാഠ്യഭാഗം നിർബ്ബന്ധമായും പഠിച്ചു തീർക്കണം.

പരീക്ഷാ ഹാളിൽ Discipline maintain ചെയ്യുക. ചോദ്യപേപ്പർ ലഭിച്ച ഉടൻ ഈശ്വരനെ മനസിൽ ധ്യാനിച്ച് Cool off time മുഴുവനായും പ്രയോജനപ്പെടുത്തുക. പുതിയ പാഠ്യപദ്ധതി പ്രകാരമുള്ള ചോദ്യങ്ങളിൽ Knowledge level, Understanding level, application level എന്ന തരംതിരിവുകൾ ഉണ്ടാവും. മൂന്നു Level കളിയിലുമുള്ള ഉത്തരങ്ങൾ എഴുതാൻ ശ്രദ്ധിക്കണം. ഓരോ Additional Sheet വാങ്ങുമ്പോഴും number ഇടുന്നത് കൃത്യമായി Paper tag ചെയ്യുന്നതിന് സഹായിക്കും.

# പിലാത്തറയിൽ ശ്രീ. കോരുത് കുഞ്ചാണ്ടി കത്തനാർ



***നവീകരണത്തിന്റെ തീജ്വാലയിൽ സ്ഫുടം വന്ന ക്രൈസ്തവ സമൂഹത്തിന് ചില വേർപിരിയലുകൾ അനിവാര്യമായി വന്നപ്പോൾ അടൂർ കണ്ണംകോട് യാക്കോബായ സുറിയാനിപള്ളിയുടെ വികാരിമാരും വിശ്വാസികളും നവീകരണക്കാരായി. തുടർന്ന് വന്ന പ്രലോഭനങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ച് മാർത്തോമാ സഭയുടെ ഭാഗമായി നിലകൊണ്ട് സുധീര നേതൃത്വം നൽകുകയും കണ്ണംകോട് മാർത്തോമാ ഇടവകയുടെ സ്ഥാപകനാകുകയും ചെയ്ത പിലാത്തറയിൽ കുഞ്ചാണ്ടി കത്തനാരുടെ ജീവ ചരിത്രം. കത്തനാരുടെ ഡയറികുറിപ്പും അദ്ദേഹത്തിന്റെ ഏക മകൻ കോരിത് നൈനാന്റെ ഡയറിക്കുറിപ്പും സഭാചരിത്രത്തോട് ചേർത്ത് വായിച്ച് അച്ചന്റെ പിൻ തലമുറക്കാരൻ അലക്സാണ്ടർ പ്ലാത്തറയുടെ അവതരണം.***

**കൊ**ല്ലം ജില്ലയിലെ പടിഞ്ഞാറൻ കോഴിക്കോട്ടുള്ള പിലാത്തറ ഇല്ലത്ത് നിന്നും 1820 -ൽ കുന്നത്തൂർ താലൂക്ക് മുതലുപിടിത്തക്കാരനായി വന്ന് (ട്രഷറി ഓഫീസർ) അടൂരിൽ വെള്ളക്കുളങ്ങരിയിൽ ധാരാളം വസ്തുവകകൾ വാങ്ങി താമസമാക്കിയ കോരുത് തൊമ്മിച്ചന്റെ ഏകമകനായ കോരുത് നൈനാന്റെ മകനാണ് ശ്രീ. കോരുത് കുഞ്ചാണ്ടി കത്തനാർ.

വിദ്യാഭ്യാസം പൂർത്തീകരിച്ച ശേഷം യാക്കാബായ സഭയിൽ നിന്നു പൗരോഹിത്യ പട്ടം സ്വീകരിച്ച് കേരളത്തിലെ പല പള്ളികളിലും വികാരിയായി സേവനം അനുഷ്ഠിച്ച ശേഷം 1892 -ൽ അടൂർ കണ്ണംങ്കോട് യാക്കോബായ പള്ളിയിൽ വികാരിയായി സ്ഥാനം ഏറ്റു.

ആ കാലയളവിൽ യാക്കോബായ സഭയിൽ ഐക്യത്തിന് ഉലച്ചിൽ തട്ടിക്കൊണ്ടിരുന്ന അവസരമായിരുന്നു. സഭയിലെ ചില രീതികളിൽ അസംതൃപ്തി ഉണ്ടായിരുന്നവർ നവീകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. അടൂർ പള്ളിയിലും അതിന്റെ അലകളുണ്ടായി. മുൻ വികാരിയായിരുന്ന അടൂർ തോണ്ടലിൽ കുടുംബത്തിൽപ്പെട്ട ബ്ലാഹേത് ഭവനത്തിലെ ശ്രീ. ഇടിച്ചാണ്ടി കത്തനാരും, ശ്രീ. കോരുത് കുഞ്ചാണ്ടി കത്തനാരും ചേർന്ന് മേപ്പടി പ്രസ്ഥാനത്തിന് നേതൃത്വം നൽകി. ആ കാലത്ത് കണ്ണംങ്കോട് പള്ളിയെ സംബന്ധിച്ച് അംഗസംഖ്യ കൂടുതൽ ഉള്ള ഒരു ഭവനം ആയിരുന്നു തോണ്ടലിൽ വീട്ടുകാർ. ശ്രീ. ഇടിച്ചാണ്ടി കത്തനാരും മേപ്പടി കുടുംബത്തിൽപ്പെട്ട അംഗം ആയതിനാൽ പ്രസ്ഥാനത്തിന് അത് വലിയ നേട്ടം തന്നെ ആയിരുന്നു. ആയതിനാൽ മേപ്പടി കുടുംബത്തിൽപ്പെട്ട പലരും, അച്ചന്റെ സ്നേഹത്തിൽ ഉള്ളവരും ഒപ്പം നിന്ന് പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് പരിശ്രമിച്ചു പോന്നു. ആ കാലയളവിൽ ശ്രീ. ഇടിച്ചാണ്ടി കത്തനാരുടെ ശ്രമഫലമായി. അറപ്പുരയിൽ വക സ്ഥലം ആയിരുന്ന കരിപ്പുറത്ത് കുറ്റിയിൽ ഒരു ഷെഡ് ഉണ്ടാക്കി നമ്മളോടൊപ്പം നിന്നിരുന്നവർക്ക് മാർത്തോമ്മാ സഭയുടെ ആ വിശ്വകഥയും, അതിലെ ആരാധനാ ക്രമങ്ങളും അച്ചന്മാർ മുൻകൈയ്യെടുത്ത് പഠിപ്പിക്കാൻ ഉപയോഗിച്ചിരുന്നു. അനുദിനം അസൂയ ഉണ്ടാക്കുന്ന വിധത്തിൽ ആയിരുന്നു സഭയുടെ വളർച്ച. എന്നാൽ ആ വിജയം യാക്കോബായ ഭദ്രാസനത്തെ ആകെ അസ്വസ്ഥമാക്കി. എത്രയും പെട്ടെന്ന് തന്നെ

ഇതിനെ തടയണം എന്ന് ഭദ്രാസനാധിപന്മാർ തീരുമാനം എടുത്തു. നവോത്ഥാനക്കാരുടെ കൈയ്യിൽ നിന്നും കണ്ണംങ്കോട്ട് യാക്കോബായ പള്ളിയെ മോചിപ്പിക്കാനും തീരുമാനിച്ചു. അതിന്റെ ഫലമായി പരിശുദ്ധപരുമല തിരുമേനിയെ ഇവിടെ നടക്കുന്ന കുഴപ്പത്തിൽ നിന്നും പിന്തിരിപ്പിക്കുന്നതിന് ഭദ്രാസനത്തിൽ നിന്നും നിയമിതനാക്കി. അദ്ദേഹം നിരന്തരമായി പള്ളിയുമായി ബന്ധപ്പെട്ട്, തിരിഞ്ഞു നിൽക്കുന്ന അച്ചന്മാരെയും, മറ്റുള്ളവരെയും ഒറ്റയായും, കൂട്ടമായും പള്ളിയിൽ വിളിച്ചുവരുത്തി സംസാരിച്ചു പോന്നു. തിരുമേനിയുടെ വാക്കുകൾക്ക് മറുത്ത് പറയുവാൻ സാധിക്കാതെ ശ്രീ. ഇടിച്ചാണ്ടി കത്തനാർ പ്രസ്ഥാനത്തോട് വിടപറഞ്ഞു. ഒപ്പം നിന്നിരുന്ന അവരുടെ കുടുംബത്തിൽപ്പെട്ടവരും, സ്നേഹിതന്മാരും എല്ലാം മാതൃ ഇടവകയിലേക്ക് തിരിച്ചുപോയി. പിന്നീട് ഉള്ള നാളുകൾ വളരെ കയ്പേറിയതായിരുന്നു. ആക്രമണ പ്രത്യാക്രമണ സാദ്ധ്യതകൾ മുഖാമുഖം കാണുന്ന സമയങ്ങൾ. നവീകരണ ഭാഗത്ത് ആരെങ്കിലും മരിക്കുമ്പോഴോ, വിവാഹം, മാമോദീസാ എന്നീ കര്യങ്ങൾക്കോ പള്ളി തുറന്ന് തരാതിരിക്കുക പതിവാക്കി. എന്നാൽ ഈ വകകാര്യങ്ങൾ എല്ലാം കടുത്ത എതിപ്പോടെയാണെങ്കിലും നടത്തിപ്പോന്നു. ഭദ്രാസനത്തിൽ നിന്നും കണ്ണംങ്കോട് പള്ളി പൂട്ടി ഇടുന്നതിന് പോലും തീരുമാനിച്ചിരുന്നു. അച്ചന്റെ നേരെ പലതരത്തിലുള്ള ആക്രമണ ഭീഷണിയും ഉണ്ടായിരുന്നു. അച്ചനെ സംബന്ധിച്ച് അടൂരിൽ പിതൃസഹോദര ഭവനങ്ങളോ, സഹോദര ഭവനങ്ങളോ ഇല്ലാത്ത കാലവും. എങ്കിലും ഒന്നിലും പതറാതെ, തുടങ്ങിവച്ച പ്രസ്ഥാനത്തിന്റെ വിജയത്തിന് വേണ്ടി ധൈര്യത്തോട് തന്നെ പൊരുതുവാൻ തീരുമാനിച്ചു. എങ്കിലും പിടിച്ചു നിൽക്കാൻ അസാദ്ധ്യമായ ദിനങ്ങൾ ആയിരുന്നു. എത്രയും പെട്ടെന്ന് കണ്ണംങ്കോട് യാക്കോബായപള്ളി വിടാനും പുതിയ മാർത്തോമ്മാ പള്ളിയ്ക്ക് രൂപം കൊടുക്കുവാനും തീരുമാനിച്ചു. മുൻ അച്ചന്മാർ ഒപ്പം നിന്നിരുന്ന കാലത്ത് കരിപ്പുറത്ത് കുറ്റിയിൽ പള്ളി പണിയണം എന്നായിരുന്നു തീരുമാനിച്ചിരുന്നത്. എന്നാൽ മേപ്പടി അച്ചന്റെ പിൻമാറ്റത്തോടെ മേപ്പടി സ്ഥലവും കിട്ടാതെ പോയി. ഈ സമയത്ത് വെള്ളക്കുളങ്ങരയിൽ അച്ചന്റെ ഭവനത്തോടടുത്തുള്ള മോളിൽ ഭവനക്കാരുടെ പക്കൽ നിന്നും 1894 -ൽ പുതിയ പള്ളിക്ക് വേണ്ടി സ്ഥലം വിലയ്ക്ക് വാങ്ങി. 1894 -ൽ തന്നോടൊപ്പം നിന്ന കുറച്ചു വീട്ടുകാരുമായി കണ്ണങ്കോട് യാക്കോബായ പള്ളിയുടെ അന്നത്തെ വികാരിയായിരുന്ന ശ്രീ. കോരുത് കുഞ്ചാണ്ടി കത്തനാർ കണ്ണംങ്കോട് മാർത്തോമ്മാ പള്ളി സ്ഥാപിച്ചു. വിലയ്ക്ക് വാങ്ങിയ സ്ഥലത്ത് സാമാന്യം വലിപ്പം ഉള്ള ഒരു ചാപ്പൽ പണിതീർത്ത് ശ്രീ. കോരുത് കുഞ്ചാണ്ടി കത്തനാർ ആദ്യവികാരിയായി സ്ഥാനം ഏറ്റു. ആരാധനയും മറ്റു കാര്യങ്ങളും മുടങ്ങാതെ നടത്തിപ്പോന്നു. അന്നത്തെ കാലത്ത് കേരളത്തിലെ തന്നെ അറിയപ്പെട്ട മഠങ്ങളിൽ ഒന്നായിരുന്നു അച്ചന്റെ ഭവനത്തിന് തെക്കുമാറി സ്ഥിതിചെയ്തിരുന്ന മന്ത്രവാദിമഠം. മേപ്പടി മഠത്തിലെ തിരുമേനിയുടെ ഒരു കുടുംബ സുഹൃത്തായിരുന്നു അച്ചൻ. ആ കാലയളവിൽ മഠത്തിലെ ഊട്ടുപുര ഇളക്കിപണിയുവാൻ തീരുമാനിച്ചിരുന്നു. അച്ചൻ ആവശ്യപ്പെട്ടതനുസരിച്ച് മേപ്പടി ഊട്ടുപുരയുടെ എല്ലാ ഭാഗങ്ങളും ചാപ്പലിന് വേണ്ടി സംഭാവനയായി തന്നു.

ആദികാലത്ത് അച്ചനോടൊപ്പം കുറച്ചു വീട്ടുകാർ മാത്രമേ ഉണ്ടായിരുന്നുള്ളു. അച്ചൻ വീട് വീടാന്തരം കയറി ഇറങ്ങി ആൾക്കാരെ ബോധനപ്പെടുത്തി സഭയിലേക്ക് ആളുകളെ ചേർത്തുപോന്നു. കാലങ്ങൾ കഴിഞ്ഞു ചാപ്പലിൽ സ്ഥലപരിമിതി അനുഭവപ്പെട്ടു തുടങ്ങി. എത്രയും പെട്ടെന്ന് വലുപ്പം ഉള്ള ഒരു പള്ളി പണിയണം എന്നത് അച്ചന്റെ മനസ്സിലെ ആഗ്രഹം ആയിരുന്നു. അന്ന് സഭയിൽ ഉണ്ടായിരുന്ന ആൾക്കാരുമായി ആലോചിച്ച് അതിന് തീരുമാനമെടുത്തു. തുടങ്ങിവച്ച പ്രസ്ഥാനം വിജയത്തിൽ എത്തിക്കുവാൻ പ്രായാധിക്യത്തിലും ഒരുപാട് ത്യാഗങ്ങൾ സഹിച്ച് നീണ്ട 36 വർഷം കണ്ണംങ്കോട് മാർത്തോമ്മാ ഇടവകയുടെ ഉന്നമനത്തിനും മറ്റെല്ലാകാര്യങ്ങളിലും സ്വന്ത ഭവനത്തിലെ കാര്യങ്ങൾപോലും മറന്ന് മരണംവരെ സേവനം ചെയ്ത കുഞ്ചാണ്ടി കത്തനാർ 1930 ഓഗസ്റ്റ് 15-ാം തീയതി വാർദ്ധക്യ സഹജമായ അസുഖം മൂലം 85-ാം വയസിൽ കർത്താവിൽ നിദ്ര പ്രാപിച്ചു. അച്ചന്റെ ഭൗതീക ശരീരം സെമിത്തേരിയുടെ പ്രഥമസ്ഥാനത്ത് പള്ളിയുടെ മദ്ബഹായുടെ അടുത്ത് അടക്കപ്പെട്ടു. അച്ചൻ ഉപയോഗിച്ചിരുന്ന വേദപുസ്തകവും അച്ചൻ വിശ്രമിച്ചിരുന്ന ചാവടിയും സ്വന്തഭവനത്തിൽ ഓർമ്മയ്ക്കായി സൂക്ഷിച്ചുപോരുന്നു.

ചിത്രീകരണം

# ആർത്തബാന്റെ യാത്ര

ജോസ് കാത്താടം

*മുൻലക്കത്തിൽ....*

***തനിക്കുള്ളതൊക്കെയും വിറ്റ് വിലകൂടിയ മൂന്ന് രത്നങ്ങളും വാങ്ങി യേശുക്കുഞ്ഞിനെ കാണുവാൻ പുറപ്പെട്ടു ആർത്തബാൻ. വഴിയിൽ മുറിവേറ്റുകിടന്ന ഒരു യാത്രക്കാരനെ രക്ഷിക്കുവാൻ വഴിച്ചിലവിലേക്ക് കരുതിവച്ച മുഴുവൻ തുകയും ചിലവിടേണ്ടിവന്നു. മുമ്പുപറഞ്ഞുറപ്പിച്ച സമയത്തുതന്നെ ആർത്തബാന്റെ കൂട്ടുകാർ യാത്രപുറപ്പെട്ടു. കൂട്ടുകാരോട് ചേർന്ന് ലക്ഷ്യത്തിലെത്തുന്നതിന് കുതിരകളെ വാങ്ങുവാൻ മൂന്നു രത്നങ്ങളിലൊന്നു വിൽക്കേണ്ടിവന്നു......***

*(തുടർന്നു വായിക്കുക)*

**ഭാഗം 2 ദൃശ്യം 5**

(രംഗം തെളിയുന്നു)

നറേറ്റർ : ആർത്തബാനും ഭൃത്യനും വിശ്രമമില്ലാതെ യാത്രചെയ്തു. യാത്രയുടെ ക്ലേശങ്ങളൊന്നും അവരെ അലട്ടിയില്ല. നക്ഷത്രം കാട്ടുന്ന വഴിയിലൂടെ അവർ അതിദ്രുതം നീങ്ങി. ആർത്തബാന്റെ മനസ്സു നിറയെ ലോകരക്ഷകനെ കണ്ടു വണങ്ങുന്ന ധന്യമുഹൂർത്തത്തെക്കുറിച്ചുള്ള നിറമാർന്ന ചിത്രങ്ങളായിരുന്നു. യെഹൂദ്യയുടെ അതിരുകൾ പിന്നിട്ടപ്പോൾ, എവിടെയാകും ലോക രക്ഷകൻ ജനിച്ചിരിക്കുക എന്ന ചിന്ത അവനെ അലട്ടുവാൻ തുടങ്ങി. യെരുശലേമിലെവിടെയെങ്കിലും ആയിരിക്കും എവിടെയാണെങ്കിലും അവിടം ഉത്സവവലഹരിയിലായിരിക്കും. സംഗീതോപകരണങ്ങളുടെ ആഹ്ലാദസ്വരത്തിനായി അവർ കാതോർത്തു ഇല്ല ഒന്നും കേൾക്കുന്നില്ലല്ലോ ? അങ്ങു ദൂരെ എവിടെയെങ്കിലും ആയിരിക്കാം-അവനാശ്വസിച്ചു.

പക്ഷേ.....?

യെരുശലേമിനോടടുക്കുംതോറും-ഒരു കൂട്ടക്കരച്ചിലിന്റെ നേർത്തസ്വരം കേട്ടുവോ...?



ഏയ്... തോന്നിയതാവും.....അതോ.....ആഘോഷങ്ങൾക്കിടയിൽ വല്ല അത്യാഹിതവും..... എന്നാലും.... കഷ്ടമാണല്ലോ ? മുന്നോട്ടു നീങ്ങുന്തോറും.... കരച്ചിൽ ഉച്ചത്തിലായി എല്ലാ ദിക്കുകളിലും അതു ശക്തി പ്രാപിക്കുന്നു.

യെരുശലേമേ നിനക്കെന്തുപറ്റി...

തപ്പ്, കിന്നരം, തന്ത്രിനാദം എന്നിവയോട് ചേർന്ന് ആനന്ദ നൃത്തം ചവിട്ടേണ്ട നീയെന്തിന് മാറത്തലച്ചു കരയുന്നു. കുറെക്കൂടി മുന്നോട്ടു ചെന്നപ്പോൾ കാഴ്ചകൾ സുഖകരമായിരുന്നില്ല. അത്യാപത്തിൽ നിന്ന് ഓടിയകലും പോലെ ആൾക്കാർ പരക്കംപായുന്നു. പട്ടാളക്കാർ കുതിരപ്പുറത്ത് തലങ്ങും വിലങ്ങും പാഞ്ഞുനടക്കുന്നു. ഭവനങ്ങളിലേക്കവർ ഓടിക്കയറുന്നു. ജനം ചിതറി ഓടുന്നു.

എന്താണിങ്ങനെ ? ആരോടോ ചോദിച്ചു.

രണ്ടുവയസ്സിനു താഴെയുള്ള എല്ലാ ആൺപ്രജകളേയും കൊന്നു കളയുവാൻ രാജാവ് കൽപ്പിച്ചിരിക്കുന്നു. ഒറ്റശ്വാസത്തിൽ ഇത്രയും പറഞ്ഞിട്ടവൻ ഓടിപ്പോയി. കുരുന്നുകളെ ബലികൊടുത്തു വേണമോ രക്ഷകനെ സ്വീകരിക്കുവാൻ ? (പെട്ടെന്ന് തൊട്ടടുത്ത വീട്ടിൽ നിന്നും അതിദാരുണമായ കരച്ചിൽ കേട്ടു. കരളു പിളരുന്ന കരച്ചിൽ. ഒരമ്മയുടെ ഹൃദയം നുറുങ്ങുമാറുള്ള വിലാപം. ആർത്തബാൻ അവിടേക്കു നീങ്ങുവാൻ തുടങ്ങുന്നു. ഭൃത്യൻ തടയുവാൻ ശ്രമിക്കുന്നു.... ഇനിയും വൈകിയല്ലോ?

പക്ഷേ ആ കരച്ചിൽ കേട്ടില്ലെന്നു നടിച്ച് മുന്നോട്ടു പോകാൻ ആർത്തബാനു കഴിയുമായിരുന്നില്ല.

(തുടരും....)

# വചനമെന്ന പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ

മിസ്സിസ് ലിസ്സി അലക്സാണ്ടർ

**ദൈ**വഹിതത്തിന്റെ പരിജ്ഞാനമാണ് ദൈവവചനം. അത് ദൈവത്തിന്റെ ശബ്ദവും ദൈവസ്നേഹത്തിന്റെ ദിവ്യ മർമ്മവും ആണ്. ഇത്, മാനുഷികജ്ഞാനത്തിന്റെ വശീകരണവാക്കുകളല്ല, പിന്നെ പരിശുദ്ധാത്മ ശക്തിയുടെ പ്രഭവവും പ്രദർശനവുമാണ്. ദൈവികബന്ധവും വിശ്വാസവും വർദ്ധിക്കുവാൻ ദൈവവചനം കൂടിയേ തീരൂ. ക്രിസ്തീയ സാക്ഷ്യം നിലനിർത്തുവാൻ തിരുവചന ബന്ധം അനിവാര്യമാണ്. ലാഘവത്തോടെ അത് കൈകാര്യം ചെയ്യുവാൻ ഇടയാകരുത്.

തിരുവചനം, ശാരീരികവും മാനസികവും ആത്മീകവുമായ വൈകല്യങ്ങൾക്ക് സിദ്ധൗഷധമാണ്. സന്തോഷം, സമാദാനം, സ്നേഹം, ജ്ഞാനം, ബുദ്ധിസൗഖ്യം, ഉണർവ്വ്, ഉന്മേഷം, ഉത്സാഹം തുടങ്ങിയവയ്ക്ക് ക്രമമായ തിരുവചനധ്യാനം ആവശ്യമാണ്. ശിശുവിന്റെ വളർച്ചയ്ക്ക് പാൽ എന്നവണ്ണമാണ് ക്രിസ്തീയ ജീവിതത്തിൽ വചനം. രക്ഷയ്ക്കായ് വളരുവാൻ വചനമെന്ന് പാൽ കുടിപ്പാൻ വാഞ്ചരിപ്പിൻ എന്ന് വി. പത്രോസ് നൽകിയിരിക്കുന്ന ആലോചന ശ്രദ്ധിക്കാം (1 പത്രോ. 2:2) തിരുവചനം വായിച്ചു കേൾപ്പിക്കുന്നവരും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നത് പ്രമാണിക്കുന്നവരും ഭാഗ്യന്മാർ എന്ന് വി. യോഹന്നാൻ പറഞ്ഞിരിക്കുന്നത് തിരുവചന വായന, ധ്യാനം തുടങ്ങിവയുടെ പ്രാധാന്യം എടുത്ത് കാണിക്കുന്നതാണ് (വെളി. 1:3)

ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവമായിരുന്നു. (യോഹ. 1:1). വചനം ജഡം ധരിച്ചവനാണ് യേശുക്രിസ്തു. തിരുവചനത്തിന്റെ ആകമാന സന്ദേശം തന്നെ യേശുക്രിസ്തുവാണ്. 'ബൈബിൾ തുറന്നു കാണും ഞാൻ യേശു രാജനെ...' എന്ന വി.ബി.എസ് ഗാനത്തിന്റെ പൊരുൾ ഇതത്രെ. വചനം ജഡമായി തീർന്നു, കൃപയും സൗഖ്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു. (യോഹ. 1:14)

തലമുറകൾ കൈമാറിവന്ന ദൈവ ശബ്ദമാണ് തിരുവചനം. ഓരോ മനസ്സിലും അലയടിച്ചുയരുന്ന ദൈവിക വെളിപ്പാടുകളുടെ ദിവ്യസമാഹാരമാണത്. അതു പരിപാവനവും- ഹൃദയത്തിൽ, മനസ്സിൽ, ബുദ്ധിയിൽ, ഓർമ്മയിൽ, ചിന്തയിൽ, അധരങ്ങളിൽ-നിരന്തരം സൂക്ഷിച്ചു വയ്ക്കേണ്ട വജ്രവുമാണ്. ദൈവവചനമാകുന്ന മണിമുത്തുകൾ-ദൈവ പരിജ്ഞാനത്തിന്റെ വിത്തുകൾ-നല്ല നിലത്തു പാകേണ്ടതാണ്. അപ്പോൾ അതു വളർന്നു തക്കകാലത്തു ഫലം കായ്ച് അനുഗ്രഹ മുഖാന്തിരമായി ഭവിക്കും.

ദൈവവചന ധ്യാനം ദൈവ സ്നേഹത്തിന്റെ ആഴം ഗ്രഹിപ്പാനും ദൈവത്തോടുള്ള ബന്ധം ഉറപ്പിക്കുവാനും ഇടയാക്കും. പ്രാർത്ഥനയും ദൈവവചനവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. It is through the word of God hat God speeks to us; it is through prayer that we speak to God Speak to God (തിരുവചനത്തിലൂടെ ദൈവം നമ്മോടു സംസാരിക്കുന്നു; പ്രാർത്ഥനയിലൂടെ നാം ദൈവത്തോടു സംസാരിക്കുന്നു). അതെ, പ്രാർത്ഥനയും തിരുവചനവും ദൈവവുമായി സംഭാഷണത്തിനു ഉതകുന്ന മാദ്ധ്യമങ്ങളാണ്. തിരുവചനത്തിലൂടെ നമ്മെക്കുറിച്ചുള്ള ദൈവഹിതം വെളിപ്പെടുത്തപ്പെട്ടിട്ടുണ്ട്. ദൈവം നമ്മോടു തുറന്ന് ഇടപെടുന്ന നല്ല വേദിയാണ് തിരുവചനം. പാപത്തെ കുറിച്ച് ബോദ്ധ്യം വരുത്തുന്നു. തത്ഫലമായി പാപപരിഹാരമായ കാൽവറി ക്രൂശിന്റെ ദർശനം ലഭിപ്പാനും ഇടയാകുന്നു. മനുഷ്യവർഗ്ഗത്തിന്റ പാപങ്ങളുടെ പരിഹാരമാണല്ലോ കാൽവറി ക്രൂശിലെ യാഗം.

കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥനയും ഉപവാസവും ഏതൊരുവിശ്വാസിയുടെയും ജീവിതത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. യേശുക്ര

ിസ്തുവിന്റെ ഭൗമീക ജീവതകാലത്തു സ്വീകരിച്ചിരുന്ന കാര്യങ്ങളാണവ. ക്രിസ്തു തന്റെ ഐഹിക ജീവതകാലത്തു.... ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കുകയും ഉത്തരം ലഭിക്കയും ചെയ്തു. (എബ്രാ: 5:7, ആവ. 9:18;25–29, എസ്രാ. 5:7, ആവ. 10:10. എസ്രാ. 8:23)

ഉപവാസവും നോമ്പും തിരുവചന ധ്യാനത്തിന് പ്രേരകമാണ്. ഉപവാസം, ധ്യാനം, തിരുവചനം, തിരുവത്താഴം ഇവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു; എന്നുമാത്രമല്ല, പരസ്പരപൂരകങ്ങളുമാണ്. തിരുവത്താഴം (കർത്തൃമേശ) സാക്ഷാൽ ഭക്ഷണവും പാനീയവുമാണ്. ഞാൻ ജീവന്റെ അപ്പമാകുന്നു. എന്റെ അടുക്കൽ വരുന്നവനു വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവനു ഒരു നാളും ദാഹിക്കുകയുമില്ല (യോഹ. 6:35), യഹോവയ്ക്കു പ്രസാദമുള്ള നോമ്പ് എന്തെന്ന് യെശയ്യാപ്രവാചകൻ വ്യക്തമാക്കിയിട്ടുണ്ടല്ലോ. (യെശ. 58:6–9)

ഈ വിധം നാം ഉപവസിക്കയും പ്രാർത്ഥിക്കയും നോമ്പു നോൽക്കുകയും ചെയ്താൽ യഹോവ നമ്മുടെ നിലവിളിയും യാചനയും കേട്ടു ഉത്തരം അരുളുകതന്നെ ചെയ്യും. ക്രമമായ തിരുവചന ധ്യാനം, പ്രാർത്ഥന, നോമ്പ് തുടങ്ങിയവ ഒരു ക്രിസ്ത്യാനിയ്ക്ക് ക്രിസ്തുയേശുവിലുള്ള വളർച്ചയ്ക്കു ഒഴിച്ചുകൂടാൻ പാടില്ലാത്തത് എന്നറിഞ്ഞ് ഈ ഭാഗ്യ അനുഭവങ്ങളിൽ വർദ്ധിച്ചും വരാം.

## അവസരങ്ങൾ

അടൂർ ഭ്രാസന ഓഫീസിൽ താഴെപ്പറയുന്ന തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

1. **Office clerk;** യോഗ്യത: ബിരുദം, കമ്പ്യൂട്ടർ പരിജ്ഞാനം.
2. **Maintenance Staff**; യോഗ്യത: SSLC.

അപേക്ഷകൾ താഴെ പറയുന്ന വിലാസത്തിൽ (ബയോഡേററ സഹിതം) 2012 ജനുവരി മാസം 26ാം തീയതിക്കു മുൻപായി ലഭിച്ചിരിക്കേണ്ടതാണ്.

വിലാസം: റവ. അലക്സാണ്ടർ തോമസ്
ഭദ്രാസന സെക്രട്ടറി, ഹെർമ്മോൻ അരമന
അടൂർ–691 523

## പ്രശ്നോത്തരി ?!

### കഴിഞ്ഞ ലക്കത്തിലെ വിജയി

**ഏലിയാമ്മ വർഗ്ഗീസ്**
ഓതറ ഹൗസ്, കൂടൽ

### കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ ?


1. കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇൻഡ്യ
2. അമ്മ യുനീക്കയും വലിയമ്മ ലോവീസും
3. ഇറം ഷർമ്മിള ഷാനു
4. റോബർട്ട് റെയ്ക്സ്
5. 1947
6. 1970
7. കോസ്മസ് ഇൻഡിക്കപ്ളുസ്
8. കൊരക്കേണി കൊല്ലം
9. 1836
10. വിദ്വാൻകുട്ടിയച്ചൻ

### ഈ ലക്കത്തിലെ ചോദ്യങ്ങൾ

1. ദനഹ പെരുന്നാൾ എന്നാണ് ?
2. കൺവൻഷനുകളുടെ സന്ദേശമെന്ത് ?
3. പ്രവാചകൻമാരും പുരോഹിതന്മാരും തമ്മിലുള്ള വ്യത്യാസം എന്താണ് ?
4. മാനസാന്തരം സംബന്ധിച്ച് ഹെൻട്രിക്രേവറിന്റെ വാക്കുകൾ എന്ത് ?
5. ശാസ്ത്രിമാരുടെയും പരീശന്മാരുടെയും ജീവിതത്തിന്റെ പോരായ്മ എന്തായിരുന്നു ?
6. സ്ലീബാ എന്ന വാക്കിന്റെ അർത്ഥം ?
7. പിലാത്തറ അച്ചന്റെ പേരിന്റെ പൂർണ്ണരൂപം ?
8. ചെങ്കോട്ട മിഷൻ ഫീൽഡിന്റെ ആരംഭത്തിന് മുഖാന്തിരമായ സഭാ നേതാവ് ആരാണ് ?
9. മലങ്കരസഭ ആചരിക്കുന്ന കാനോനിക നോമ്പുകൾ ഏതൊക്കെ ?
10. സഭാകലണ്ടർ അനുസരിച്ച് ജനുവരി 1ന്റെ പ്രാധാന്യം ?


**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാനാർഹനാകുന്നതാണ്. ഉത്തരം ലഭിക്കേണ്ട അവസാന തീയതി 2012 ജനുവരി 30**

## അനുമോദനങ്ങൾ



മാർത്തോമ ഗുരുകുലം വിദ്യാർത്ഥിയായ ജോർജ്ജി. വി. രാജൻ, പത്തനംതിട്ട ജില്ല തായ്ക്കോണ്ടൊ ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. തേവലക്കര ഇമ്മാനുവൽ മാർത്തോമാ ഇടവകാംഗങ്ങളായ ശ്രീ. വി.ഒ. രാജന്റേയും ശ്രീമതി. സാറാമ്മാ രാജന്റെയും മകനാണ്.

**റവ. ഐസക് മാത്യു** (മാനേജർ)
മാർത്തോമാ ഗുരുകുലം.



Mr. Sanoj Jacob Oommen, son of Mr. Jacob Oommen and Mrs. Sudha Oommen, member of Immanuel Mar Thoma Church, Adoor has passed the CA final Examination, conducted by Institute of Chartered Accountants of India (ICAI).

**Rev. Alexander Thomas** (Vicar)

## വാർത്തകൾ

### ഇടത്തറ കൺവൻഷൻ

പത്തനാപുരം സെന്റർ കൺവൻഷൻ 2012 ജനുവരി 11 ബുധനാഴ്ച മുതൽ 15 ഞായർ വരെ ഇടത്തറ കൺവൻഷൻ നഗ്ഗറിൽ നടത്തപ്പെടും. ഭദ്രാസനഎപ്പിസ്കോപ്പാ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനി കൺവൻഷൻ ഉദ്ഘാടനം ചെയ്യും. വെരി റവ. ഡോ ജോർജ്ജ് സഖറിയ, റവ. ഡോ സി കെ മാത്യു, റവ. എബ്രഹാം പി. ഉമ്മൻ, റവ. സജു മാത്യു, ശ്രീ. തോമസ് ബഞ്ചമിൻ (C.E.F), ശ്രീ. ബേബിക്കുട്ടി പുല്ലാട്, ശ്രീ ബാബു അയിരൂർ, ഡോ, ലീലാമ്മാ ജോൺസൺ എന്നിവർ വചന ഘോഷണം നടത്തും. ഞായറാഴ്ച വിശുദ്ധ കുർബ്ബാനക്കും ഭദ്രാസനഎപ്പിസ്കോപ്പ നേതൃത്വം നൽകും.

**റവ. സ്കറിയാ തോമസ്**
കൺവീനർ

### സിയോൻകുന്ന് കൺവൻഷൻ

കലയപുരം സാധു കൊച്ചുകുഞ്ഞ് ഉപദേശി മെമ്മോറിയൽ കൺവൻഷന്റെ 78-ാമത് യോഗം 2011 ഡിസംബർ 26 തിങ്കൾ മുതൽ 31 ശനിവരെ നടത്തുവാൻ ക്രമീകരണം ചെയ്തിരിക്കുന്നു. അടൂർ ഭദ്രാസനത്തിന്റെ നേതൃത്വത്തിലും ഏനാത്ത് സെന്ററിന്റെ ചുമതലയിലും നടത്തപ്പെടുന്ന ഈ കൺവൻഷനിലേക്ക് ഏവരേയും സ്വാഗതംചെയ്യുന്നു.

പ്രസംഗകർ : മോസ്റ്റ് റവ. ഡോ. ഫിലിപ്പോസ് മാർക്രിസോസ്റ്റം വലിയ മെത്രാപ്പോലിത്ത, റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പ, റവ. അലക്സാണ്ടർ തോമസ്, റവ. ഫാ. പൗലോസ്, പാറേക്കര, ഇവാ. സുബി പള്ളിക്കൽ, ബ്രദർ. സാം കെ. ഉതുപ്പ്,

**റവ. ജോൺസൺ സാമുവേൽ,**
ജനറൽ കൺനവീനർ

### വി ബി എസ് പരിശീലനക്യാമ്പ്

മാർത്തോമാ സണ്ടേസ്കൂൾ സമാജം നടത്തുന്ന വി ബി എസ് പരിശീലനക്യാമ്പ് 2012 ഫെബ്രുവരി 24 വൈകിട്ട് 5 മണി മുതൽ 26 ഉച്ചക്ക് 1മണി വരെ അടൂർ യൂത്ത് സെന്ററിലും 2012 മാർച്ച് 2 ന് വൈകിട്ട് 5 മണി മുതൽ 4 ഉച്ചക്ക് 1 മണി വരെ ചരൽക്കുന്നിലും നടത്തപ്പെടുന്നു. ക്യാമ്പ് ഫീസ് 400 രൂപാ

വിബി എസ് റൗണ്ട്സ്
1-ാം റൗണ്ട് 2012 ഏപ്രിൽ 9 മുതൽ 18 വരെ
2-ാം റൗണ്ട് 2012 ഏപ്രിൽ 20 മുതൽ 28 വരെ
3-ാം റൗണ്ട് 2012 ഏപ്രിൽ 30 മുതൽ മെയ് 8 വരെ

### ഭദ്രാസനകുടുംബ സംഗമം

അടൂർ ഭദ്രാസനസന്നദ്ധ സുവിശേഷക സംഘത്തിന്റേയും സേവികാ സംഘത്തിന്റേയും സംയുക്ത ആഭിമുഖ്യത്തിലുള്ള കുടുംബ സംഗമം 2011 നവ ബർ 26 ശനിയാഴ്ച രാവിലെ 10 മണി മുതൽ അടൂർ യൂത്ത് സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസനഎപ്പിസ്കോപ്പാ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനി അധ്യക്ഷത വഹിച്ച മീററിംഗിൽ റവ. കെ തോമസ്, സിസ്റ്റർ ജെർമ്മെയിൻ, എന്നിവർ പ്രഭാഷണം നടത്തി. ഭദ്രാസനത്തിന്റെ വിവിധ

ഭാഗങ്ങളിൽ നിന്നുമുള്ള കുടുംബങ്ങൾ പങ്കെടുത്തു.

**റവ. തോമസ് വർഗ്ഗീസ്**

## ബ്ലൂം ഫെസ്റ്റ്

ഭദ്രാസനസുവിശേഷ സേവികാ സംഘത്തിന്റെ ആഭിമുഖ്യത്തിലുള്ള ബ്ലൂം ഫെസ്റ്റ് 2011 ഡിസംബർ 2 മുതൽ 4 വരെ അടൂർ യൂത്ത്സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസന സെക്രട്ടറി റവ. അലക്സാണ്ടർ തോമസ് ഉദ്ഘാടനം ചെയ്തു. വെരി റവ. ഡോ പി. പി ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസനഭദ്രാസനഎപ്പിസ്കോപ്പാ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനി, റവ. തോമസ് വർഗ്ഗീസ് എന്നിവരും വിവിധ മേഖലകളിൽ നിന്നുള്ള പ്രഗത്ഭരും നേതൃത്വം നൽകി.

**സുമ ജോർജ്ജ്**
കൺവീനർ

## കുടുംബ സംഗമം

കണ്ണംകോട് സെന്റർ സന്നദ്ധ സുവിശേഷക സംഘത്തിന്റേയും സേവികാസംഘത്തിന്റേയും സംയുക്ത ആഭിമുഖ്യത്തിലുള്ള കുടുംബ സംഗമം 2011 ഒക്ടോബർ 14 വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ അടൂർ കണ്ണം കോട് മാർത്തോമാ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. റവ. മാത്യൂസ് മാത്തുണ്ണി അധ്യക്ഷത വഹിച്ച മീററിംഗിൽ റവ. പി. മാത്യു (തിരുവല്ല) മുഖ്യ പ്രഭാഷണം നടത്തി. സെന്ററിലെ വൈദികർ, സുവിശേഷകർ, സംഘം പ്രവർത്തകർ എന്നിവർ നേതൃത്വം നൽകി.

**റവ. കുര്യൻ അലക്സാണ്ടർ**, പ്രസിഡന്റ്

## പ്ലാററിനം ജൂബിലിയാഘോഷം

കായംകുളം ശാലേം മാർത്തോമാ സുവിശേഷ സേവികാ സംഘത്തിന്റെ പ്ലാററിനം ജൂബിലിയാഘോഷം 2011 സെപ്തംബർ 11 നു നടത്തപ്പെട്ടു. ഭദ്രാസനഎപ്പിസ്കോപ്പാ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനി അധ്യക്ഷം വഹിച്ചു. വികാരി ജനറൽ വെരി. റവ. ജോർജ്ജ് സഖറിയ, മുൻ വികാരി റവ. ററി കെ മാത്യു, സേവികാ സംഘം ജനറൽ സെക്രട്ടറി ശ്രീമതി ലീലാമ്മ ജോൺസൺ, ഇ. ജെ ഇൻസ്റ്റിററ്യൂട്ട് വിദ്യാർത്ഥിനിലേയ സൂസൻ ജോൺ, ശ്രീമതി ആലീസ് ലൂക്കോസ് എന്നിവർ പ്രസംഗിച്ചു. മുൻകാല പ്രവർത്തകർക്ക് ഉപഹാര സമർപ്പണം നടത്തി. ജൂബിലി പ്രോജക്ടായി സത്യവാടി മിഷൻ ഏറെറടുക്കുകയും അടുത്ത ഒരു വർഷത്തെ പ്രവർത്തനങ്ങൾക്കായി, സംഘത്തിനു വേണ്ടി 25000 രൂപ കൊല്ലശ്ശേരിൽ ശ്രീമതി അന്നമ്മ മാത്യു തിരുമേനിയെ ഏൽപ്പിച്ചു.

**റവ. പി. ററി കോശി**, വികാരി

## ദൈവാലയ പ്രതിഷ്ഠ

മണ്ണടി സെന്റ് തോമസ് മാർത്തോമാ ഇടവകയുടെ പുനരുദ്ധരിച്ച ദൈവാലയത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷ 2011 നവംബർ 19-ാം തീയതി ഭദ്രാസന എപ്പിസ്കോപ്പ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. തുടർന്നുള്ള പൊതുസമ്മേളനത്തിൽ ഭദ്രാസന എപ്പിസ്കോപ്പ മുഖ്യ സന്ദേശം നൽകി.

റവ. അലക്സാണ്ടർ തോമസ് (ഭദ്രാസന സെക്രട്ടറി), റവ. എ. റ്റി. ഫിലിപ്പ് (മുൻ വികാരി), ശ്രീ. ജേക്കബ് ജോർജ്ജ് (ഭദ്രാസന ട്രഷറർ), ശ്രീ. ജോസ് (ഗ്രാമ പഞ്ചായത്ത് അംഗം), ശ്രീമതി ഉഷാ തോമസ് (ഇടവക സെക്രട്ടറി), ശ്രീ. സ്റ്റാൻലി ജേക്കബ് എന്നിവർ പ്രസംഗിച്ചു.

**റവ. ജോൺസൺ സാമുവേൽ**, വികാരി

## പുനലൂർ സെന്റർ കൺവൻഷൻ

പുനലൂർ സെന്റർ കൺവൻഷൻ 2011 നവംബർ 23 മുതൽ 27 വരെ പുനലൂർ സെന്റ് തോമസ് മാർത്തോമാ പാരിഷ്ഹാളിൽ നടന്നു. ഭദ്രാസന സെക്രട്ടറി റവ. അലക്സാണ്ടർ തോമസ് ഉദ്ഘാടനം ചെയ്തു. റവ. ഏബ്രഹാം പി. ഉമ്മൻ, റവ. കുര്യൻ തോമസ്, ഇവാ.ജോൺസൺ രാജു, ശ്രീ. രാജു കുറ്റിക്കാട്, ശ്രീ. ജോയി പുല്ലാട്, ശ്രീമതി മറിയാമ്മാ ജയിംസ്, എന്നിവർ വചന ഘോഷണം നടത്തി. ഭദ്രാസന എപ്പിസ്കോപ്പ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് സമാപന ദിന വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം നൽകുകയും സന്ദേശം നൽകുകയും ചെയ്തു.

**ഏബ്രഹാം ജേക്കബ് ജനറൽ കൺവീനർ.**

# MARTHOMA YUVAJANA SAKHYAM ADOOR DIOCESE

**Group Items**: **Song**:Ist–Mannady Mtys;IInd–Thamarakulam St.Thomas Mtys;IIIrd -Kodumon Sehion Mtys; **Dance**:Ist – Kurathikadu Jerusalem;IInd–Areeplachy Ebenezer;IIIrd-Thamarakulam St.Thomas **Tablaue**:**Ist**–Enathu Mtys; IInd–Chunakkara St. Thomas Mtys;IIIrd - Elikatoor Zion Mtys **Song2**:Ist – Karavaloor Bethel; IInd – Areeplachy Ebenezer ; IIIrd - Thamarakulam St. Thomas;

**Group – 1 Solo Male:** Ist–Jim Alex–Kozhikode;IInd–Joshin Johnson, Enathu; IIIrd-Joel Thomas; Thamarakulam; Female: Ist–Sruthy Merin Mathew–Athirumkal Salem; IInd–Shintu Thomas–areeplachy; IIIrd-Tinu Ann George– Kurathikadu; **Instrumental Music** – **Wind**: Ist – John Philip – Karavaloor Bethel; IInd–Georgy S. Samuel- Chunakkara **String**: Ist–Sijo John–Chunakkara;IInd–Remi Mariyam Reji-Kurathikadu **Organ**;Ist–Sanjo Mathew George – Kalayapuram; IInd – Jithu Reji Koshy-Enathu ;IIIrd - David George John – Kappill;**elocution Mal** : Ist – Jeena Alex – Elikkatoor Zion; IInd – Bency Elsa Babu-Choorakode –IIIrd - Jancy -thevalakkara Immanuel ; **Elocution (eng)**:Ist – Jeena Alex – Elikaatoor Zion; IInd – Jeffry Jose - vettiyar ; IIIrd - Alan S. Abraham – Koodal Bethel; **Bible Reading Mal**:Ist – Jiji Sam – Chachipunna Salem ;IInd – Bency Elsa Babu- Choorakode;IIIrd - Meenu Susan Jose – Karavaloor Bethel; **Bible Reading (eng)**:Ist – Meenu Susan Jose – Karavaloor Bethel ;IInd – Christin P. George - Kaapil St. Thomas ;IIIrd - Anpu Ann John – Koodal Bethel; **essay Mal** : Ist – Bency Elsa Babu- Choorakode; IInd – Aishwarya Stella Babu – Kurathikadu Jerusalem;IIIrd - Ritta Thankam John– Vettiyar St. Thomas ;IIIrd – Jini Joy – Kalayapuram Salem; **Essay (eng)**:Ist – Merin P. Joy – Kurathikadu; IInd – Suncy Varghese – Thuruthikara ;IIIrd - Joel Louis – Mannady; **Story Mal:**Ist – Aishwarya Stella Babu – Kurathikadu ;IInd – Jibin Ninan – Koodal Bvethel ;IIIrd - Aju Thomas – Kannamkode ; **Story (eng):**Ist – Pooja G – Mannady ;IInd – Sonia Rebeca Joe – Karavaloor Bethel ;IIIrd - Jisho K. Daniel – Thamaraklam ;**poetry Mal**:Ist – Aishwarya Stella Babu – Kurathikadu Jerusalem;IInd – Sruthy Merin Mathew – Athirunkal Salem ;IIIrd - Ritta Thankam John– Vettiyar St. Thomas ;IIIrd – Rintu Ponnachan – Elikkatoor Zion ;**poetry (eng)**:Ist – Remin Eji Thomas – Kallelibhagom;IInd – Sruthy Merin Mathew – Athirunkal Salem ;IIIrd – Pooja G – Mannady ;**recitation Mal** :Ist – Meenu Susan Jose – Karavaloor Bethel: IInd – Jim Alex – Kozhikode –IIIrd - Christin P. George – Kaapil St. Thomas: **Recitation (eng)**:Ist – Jeslin Dolly Mathews – Kurathikadu Jerusalem ;IInd – Serah John – Kodumon Sehion;IIIrd - Anpu Ann John – Koodal Bethel ; **Mimicry**;Ist – Syril Sunny – Kunnida St. Thomas ;IInd – Swaroop G. Anil – Chunakkara ;IIIrd - Nithin Samuel – Thuruthikkara ;**fancy Dress**;Ist – Robin K. Babu – Thamarakulam St. Thomas ;IInd – Nebin P. Nelson – Kottanaloor Salem ;IIIrd - Blesson S. K – Enathu ;IIIrd – Robin K. Titus – Kozhikode ; **Clay Modeling**: Ist – Saran K. Sunny – Pidavoor ;IInd – Justey Santhosh – Chunakkara ;IIIrd - Nithin Samuel – Thuruthikkara ; IIIrd – Subin Mathew – Thevalakkara Immanuel ; **Bible Quiz**;Ist – Dani G. John – Vettiyar St. Thomas ;IInd – Aishwarya Stella Babu – Kurathikadu Jerusalem;IIIrd - Moncy Tharakan – Thevalakkara Immanuel ;**pencil Drawing;**Ist – Shibin K. Babu – Thamarakulam St. Thomas ; IInd – Serin V. Thomas – Kodumon ;IIIrd - Monu Sunny – Chunakkara ;**painting**;Ist – Serin V. Thomas – Kodumon;IInd - Maneesha Sunny – Karavaloor;IIIrd - Arun Varghese – Vettiyar;**cartoon**;Ist – Maneesha Sunny – Karavaloor ;IInd - Monu Sunny –chunakkara ;IIIrd - Shijo P. Boban – Kulakkada St. Thomas ;

**Group – 2** : **solo Male**;Ist – Derin Thomas – Thuvayoor St. Andrews ;IInd – Sijoy Sam - Enathu ;IIIrd - Ebison J. Wilson – Kallelibhagom;**female**;Ist – Julie Mary Mathew – Mannady;IInd – Sharon Merlin Samuel – Koodal Bethel ;IIIrd - Joicy Daniel – Karavaloor Bethel ;**instrumental Music** – **String**;Ist – Sijoy Sam – Enathu ;IInd – Nayana Rachel Simon - Mannady ;IIIrd - Bibin K. – Patharam ; **Organ**;Ist – Derin Thomas – Thuvayoor St. Andrews ;IInd – Sijoy Sam - Enathu ;IIIrd - Mathews John – Kodumon Sehion;**elocution Mal**;Ist – Ruby Babu – Kulakkada ;IInd – Anix Johnson – Elikatoor Zion ;IIIrd – Jaison Monachan – West Kallada – ;**elocution (eng)**:Ist – Binila Thomas – Kottanlloor ;salem;IInd – Jaise Jose – Chunakkara St. Thomas ;**bible Reading Mal**;Ist – Sony Abraham – Areeplachy Ebenezer ;IInd – Roshini Babu - Thuruthikkara ; IIIrd - Jincy Mariyam Johnson – Thannikunnau Sehion; **bible Reading (eng)**:Ist –Joicy Daniel – Karavaloor Bethel ;IInd – Anso Johnson – Elikatoor Zion ;IIIrd - Anna John . G – Thuruthikara ;**essay Mal**;Ist – Leena K. Y - Thukarathikkara ;IInd – Ajith T. Thomas – Vettiyar St. Thomas ;IIIrd - Fema Merin Jacob – Chunakkara St. Thomas ;**essay (eng)**:Ist – Binila Thomas – Kottanlloor Salem;IInd – Jose Thomas – Thamarakulam St. Thomas ;IIIrd - Shinoj Babu – Mannady;**story Mal**;Ist – Nino Serah Baby – Kalayapuram Salem ;IInd – Ajith T. Thomas – Vettiyar Salem ;IIIrd - Suvi S. Kunjumon - Kalayapuram;**story (eng)**:Ist – Feba Ann Jacob – Chunakkara St. Thomas ;IIIrd - Anju John – Chunakkara St. Thomas ;**poetry Mal**: Ist – Suvi S. Kunjumon - Kalayapuram ;IInd – Nino Serah Baby – Kalayapuram Salem ;IIIrd - Jobin C. George – Areeplachy Ebenezer ;IIIrd – Rintu Ponnachan – Elikkatoor Zion ;**poetry (eng)**:Ist – Fema Merin Jacob – Chunakkara St. Thomas ;IInd - Binila Thomas –kottanallor Salem ;IIIrd – Rijin V. Cherian – Elikatoor Zion ;**recitation Mal**;Ist – Rijin V. Cherian – Elikatoor Zion ;IInd – Suvi S. Kunjumon - Kalayapuram ;IIIrd - Reshma Babu – Thuruthikara ;**recitation (eng)**:Ist– Nayana Rachel Simon – Mannady ;IInd – Binila Thomas –kottanallor Salem ;IIIrd - Reshma Babu – Thuruthikara ; **Mimicry**;Ist– Baiju E– Kunnida St. Thomas ;IInd – Jobin Raju– Thuruthikara Jerusalem ;IIIrd- Jobin T. –Elikaatoor Zion;**fancy Dress**;Ist – Roby T. John –Thuruthikara Jerusalem ;IInd –bineeth A. Johnson – Kulakkada ;IIIrd - Jobin T. – Elikaatoor ;**clay Modeling**;Ist - Rijo S. Joy – Mannady ;IInd – Baiju E – Kunnida St. Thomas ;IIIrd - Libin Babu – Thamanrakulam ;bible Quiz;Ist – Liju K. Mathew – Vilakkuvettom ;IInd – Leena K. Y. – Thuruthikara ;IIIrd - Sherin T. Baby – Kodumon Sehion ;pencil Drawing;Ist – Deepu C – Koodal Bethel ;IInd – Bibin K. – Enathu ;IIIrd - Nithin P. Oommen – Enathu ;painting;Ist – Bibin K. – Enathu ;IInd - Sam Mathew – Thamarakulam ;IIIrd - Shibin – Ezhamkulam ; Cartoon;Ist –jinu Saji – Thevalakara Immanuel ;IInd -sam Mathew – Thamarakulam ; IIIrd - Bibin K. – Enathu;

**അയാമിൻ യു**

# പൊതിച്ചോറുകൾ

## പറഞ്ഞ കഥ

വിദ്യാലയ കാലം ഒരു സുഖമുള്ള ഓർമ്മയാണ്. വിശന്ന് പൊരിഞ്ഞ് ക്ലാസ്സിലിരിക്കുമ്പോഴാണ് ഉച്ച ഊണിന്റെ ബെല്ലടിക്കുക. പിന്നെ ഒരോട്ടമാണ് പൈപ്പിൻ ചുവട്ടിലേക്ക്. പകുതി നനച്ച കൈയ്യുമായി പൊതിച്ചോറഴിച്ച് ബഞ്ചിലിരിക്കുമ്പോൾ കൂട്ടുകാരൊത്തിരിയുണ്ടാകും. അത് ഒരാഘോഷമാണ്.വാട്ടിയ ഇലയും ആവിയിൽ വീണ ചോറും അതിലെ തേങ്ങ ചമന്തിയും ചേർന്നുണർത്തുന്ന മണം വായിൽ വെള്ളം നിറഞ്ഞു പോകും! ഒന്നാസ്വദിച്ച് കഴിക്കാൻ തുടങ്ങുമ്പോഴേക്കും അതിനെത്ര അവകാശികളാണ്. നിമിഷങ്ങൾക്കുള്ളിൽ ചോറുവാരി തിന്ന് പൊട്ടിച്ചിരിച്ച ആ കൂട്ടുകാർ എന്നും വലിയ സമ്പാദ്യം തന്നെയല്ലേ? ആരെങ്കിലും തന്റെ പൊതിച്ചോറിൽ കൈയിട്ടവനെതല്ലിയിട്ടുണ്ടോ. നമുക്കാവില്ല. കാരണം അത് സ്നേഹം നൽകുന്ന സ്വാതന്ത്ര്യമാണ്. അവിടെ ശുദ്ധാശുദ്ധി ആര് ചോദിച്ചു?! ജാതിയും മതവും ആരാണ് തിരക്കുന്നത്. പിഞ്ച് ഹൃദയങ്ങളിലെ സ്നേഹത്തിന്റെ തള്ളലിൽ എല്ലാ വേവലാതികളും മുങ്ങിപ്പോയില്ലേ? അത് കൂട്ടായ്മകൾ സൃഷ്ടിക്കുന്ന ദൈവരാജ്യമാണ്. നിങ്ങൾ തിരിഞ്ഞ് അവരെപ്പോലെയാകുക. ഓർക്കുക, ബുദ്ധിയുടെ വരണ്ട വിശകലനങ്ങൾ മരുഭൂമികളെ സൃഷ്ടിക്കും. സ്നേഹത്തിന്റെ വിശകലനങ്ങൾ നീരൊഴുക്കുകളേയും.

ഈ അടുത്ത നാളുകളിലാണ് അത്മീയാനുഭവങ്ങളിലെ പുത്തൻ അയിത്താചാരങ്ങൾ മറ നീക്കി യെത്തുന്നത്. ശുദ്ധാശുദ്ധിയുടെ പുത്തൻ ആവിഷ്കാരമാണത്. ആധുനിക ന്യായശാസ്ത്രിമാർക്ക് അരിശം മൂത്തത് സഭയുടെ ഇന്നത്തെ പോക്ക് എങ്ങോട്ടെന്നോർത്തിട്ടല്ല. പകരം വിശുദ്ധ കുർബ്ബാനയുടെ പങ്കുവെക്കൽ വേളയിൽ വൈദികന്റെ വിരലും വിശുദ്ധ ജനതയുടെ ഉമിനീരും തമ്മിൽ ഒരവിശുദ്ധ ബന്ധം സംഭവിക്കുന്നതെന്നോർത്താണ്. ജീവനെങ്കിൽ ജീവൻ വച്ച് ഭാരതം നേടീടണം എന്ന് പ്രാർത്ഥിച്ച ജനത 'വീതമെങ്കിൽ വീതം വച്ച് വീഞ്ഞുപത്രം നൽകണം' എന്ന് തിരുത്തിപ്പാ ടണമെന്ന്! എന്റെ അധരത്തെ തൊട്ട സ്വർഗ്ഗീയ കൊടിൽ എന്റെ പാപപരിഹാര ഹേതുവായി എന്ന മനസ്സിലാക്കലിനൊരു പാഠഭേദം വേണമെന്ന്! ന്യായത്തിന്റെ മേലാപ്പണിഞ്ഞ അവബോധങ്ങൾ സൃഷ്ടിക്കുന്ന അകൽച്ചകളിൽ നാം ഒരു പടികൂടി കടക്കണമെന്ന്.

ഈ ന്യായശാസ്ത്രം അനുസരിച്ച് ആർക്കെങ്കിലും തങ്ങളുടെ മക്കളെ സ്കൂളിലേക്കയക്കാൻ പററുമോ? ബസിൽ യാത്ര ചെയ്യാനാകുമോ? വിയർത്തു കുളിച്ചും രോഗാണു പേറിയും എത്രപേരുണ്ടാകും ഓരോ അവസരത്തിലും? നമ്മുടെ നാണയത്തുട്ടുകളിലും കറൻസിനോട്ടുകളിലും എത്ര രോഗാണുക്കളുണ്ടാകും? നമ്മുടെ ഇടവഴികളിൽ അഞ്ചലോട്ടം നടത്തുന്ന സാധു മനുഷ്യരായ പോസ്റ്റുമാൻ ഒഴുക്കിക്കളയുന്ന വിയർപ്പിൽ എത്ര ഭാഗം നമുക്ക് കിട്ടുന്ന എഴുത്തുകളിൽ ഉണ്ടാകും? നാക്കുനീട്ടി ഒട്ടിച്ച സ്റ്റാമ്പു മുതൽ നാവിൽ തൊട്ടെണ്ണിയ കറൻസികൾ വരെ ഏതെല്ലാം ഇടങ്ങൾ ഗുരുതര രോഗസാദ്ധ്യതകൾ പേറുന്നു. മഴനനഞ്ഞെത്തി പത്രമെറിഞ്ഞുപോകുന്ന പത്രക്കാരൻ പയ്യൻ എത്ര ദിവസം പനിച്ചെത്തി പത്രമെറിഞ്ഞിട്ടുണ്ടാകും? നാം കയറിയ വാഹന ത്തിലും കഴിച്ച ഭക്ഷണത്തിലും ആരുടെയെല്ലാം വിരൽപ്പാടുകളും മൃതകോശങ്ങളും വീണുകിടക്കു ന്നുണ്ടാകും?...ശുദ്ധാശുദ്ധാ ചിന്തകൾ കൊണ്ട് വിശുദ്ധ ശരീരത്തിന്റെ മൂല്യം അളന്നു തിട്ടപ്പെടുത്തുന്നത് ആർക്കായാണ്? അയോഗ്യമായി ഭക്ഷിച്ചതും അരുതുകൾ ആവർത്തിച്ച് ഏററുപിടിച്ചതും വഴി എത്ര തവണ നാം രോഗികളായി തീർന്നിരിക്കുന്നു! യഥാർത്ഥമായും നാം വിലപിക്കേണ്ടത്, 'മിശിഹായേ നിന്റെ പങ്കുവെക്കലിനെനന്നായി ഉൾക്കൊള്ളാതെ അതിന്റെ പങ്കുകാരായിപ്പോയ ഞങ്ങളുടെ പിഴകളെയോർത്തല്ലേ? അത്തരമൊരവബോധത്തിലേക്കെത്താൻ ഇനി എത്ര കാലം കടക്കണം?